# പഞ്ചാംഗം.

ഏപ്പകത്തി ൩൦. ഞായറാഴ്ച അക്ഷരം .[illegible]

[illegible]

## ൧൯൩൦ ജൂൺ – ൧൧൦൫ ഇടവം – മിഥുനം.

ന. ക. തിരുഹൃദയ വണക്കമാസം.

| | | | | |
|---|---|---|---|---|
| 1 | 19 | ഞാ | ✠ ഉ. ൬-ാം ഞാ. കരേ. ഏടഞാ. ന. കു. ആ. [illegible] | വെ. |
| 2 | 20 | തി | വേദ. മർസലിനോസും ക്രൂട്ട. ന. ആ. കു. വെ. | ചു. |
| 3 | 21 | ചൊ | അ. മെ൨. മ. അൻസെൽ (ഏ. ൨൧) ന. ആ. കു. വെ. | വെ. |
| | | | ചക്രവത്തി തിരുമനസ്സിലെ പിറന്നാൾ. | |
| 4 | 22 | ബു | മെ൨. പ്രംസിസ്ക്കോസ്. ന. ആ. കു. വെ. | വെ. |
| 5 | 23 | വ്യാ | അ. വേദ. ബൊനിഫാസീസ് ന. ആ. കു. വെ. | ചു. |
| 6 | 24 | വെ | അ. മെ൨. നർബെർത്തോസ് ന. ആ.കു. വെ. (ആദ്യവെള്ളി) | വെ. |
| 7 | 25 | ശ | പന്തക്കുസ്താ തലേനാൾ ന. ആ. കു. തലേ. | ചു. |
| 8 | 26 | ഞാ | ✠ പന്തക്കുസ്താ വ്യ ദിവ. ന. കു. ആ. [illegible] | ചു. |
| | | | അടുത്ത ബുധൻ (ഇ. വി.) | |
| 9 | 27 | തി | എം. ന. ആ. കു. എം. | ചു. |
| 10 | 28 | ചൊ | എം. ന. ആ. കു. എം. | ചു. |
| 11 | 29 | ബു | എം. പട്ടം (ഇ. വി.) ന. ആ. കു. എം. | ചു. |
| 12 | 30 | വ്യാ | എം. ന. ആ. കു. എം. | ചു. |
| 13 | 31 | വെ | എം. പട്ടം. ന. ആ. കു. എം. | ചു. |
| 14 | 32 | ശ | എം. പട്ടം. ന. ആ. കു. എം. | ചു. |
| | | | ഇന്നു പെസഹാക്കാലം അവസാനിക്കുന്നു. ഇന്നു വൈകുന്നേരം മുതൽ കർത്താവിന്റെ മാലാഖാ ചൊല്ലുന്നു. | |
| 15 | 1 | ഞാ | ✠ പന്ത. ൧-ാം ഞാ. ശു. ത്രിത്വ. ന. ആ. കു. വെ. [illegible] | വെ. |
| | | | ☞ അടുത്തവ്യാഴം കടം പള്ളിയിൽ അറീക്കണം. | |
| 16 | 2 | തി | മെ൨. പ്രംസിസ്ക്കോസ് റെ. ന. ആ. കു. വെ. | വെ. |
| 17 | 3 | ചൊ | പാ. വേ. സോഞ്ഞോർകായി (ഏ. ൨൨) ന. ആ. കു. വെ. | ചു. |
| 18 | 4 | ബു | വേ. മർക്കോസും മർസലീനോസും ന. ആ. കു. വെ. | ചു. |
| 19 | 5 | വ്യാ | ✠ ശു. കുർബാനയുടെ തിരുനാൾ ന. കു. വെ. | വെ. |
| 20 | 6 | വെ | എം. ന. കു. വെ. | ഉവ. |
| 21 | 7 | ശ | എം. ന. കു. വെ. | വെ. |
| 22 | 8 | ഞാ | ✠ പന്ത ൨-ാം ഞാ. ന. കു. ആ. [illegible] | വെ. |
| | | | നാളെ (ഇ. വി.) അടുത്ത വെള്ളി ന. ക. തിരുഹൃദയത്തിരുനാൾ. | |
| 23 | 9 | തി | എം. (ഇ. വി.) ന. കു. വെ. | വെ. |
| 24 | 10 | ചൊ | യോഹന്നാൻ മാം. പിറവി ന. ആ. കു. വെ. | വെ. |
| | | | തെക്കൻപറവൂർ, വടകര, ആമ്പല്ലൂർ പ്രധാനതിരുനാൾ. | |
| 25 | 11 | ബു | എം. ന. കു. വെ. | വെ. |
| 26 | 12 | വ്യാ | എട്ടാം. ന. കു. വെ. | വെ. |
| 27 | 13 | വെ | ന. ക. തിരുഹൃദയം. ന. വെ. കു. വെ. | വെ. |
| 28 | 14 | ശ | പാ. മെ൨. ലെയോൻ ന. അ. കു. വെ. | വെ. |
| 29 | 15 | ഞാ | ✠ പന്ത. ൩-ാം ഞാ. ശ്ലീ. പത്രോ. പൌ ന. കു. വെ. [illegible] | ചു. |
| | | | ☞ അടുത്ത വ്യാഴം കടം പള്ളിയിൽ അറീക്കണം. | |
| 30 | 16 | തി | പൌലോസ് ശ്ലീ. ന. കു. വെ. | ചു. |



ന. ക. ഈശോയുടെ തിരുഹൃദയം.

(തിരുനാൾ ജൂൺ 27-ാംനു-.)

# കർമ്മല കുസുമം.

പുസ്തകം ൨൭.)  ൧൯൨൮ ജൂൺ.  (ലക്കം ൬.

# തിരുഹൃദയകീർത്തനം.

(റവ. സിസ്റ്റർ ബെനീഞ്ഞാ.)

(നിനക്കായെൻ ജീവനെ എന്ന മട്ട്.)

നരക്കായിച്ചോരപാരമായ്—ചൊരിഞ്ഞദിവ്യഹൃദയമേ!
കരഞ്ഞുനിൻപദംതിരഞ്ഞുവന്ന ഞാൻ—അലിഞ്ഞുതൃക്കൺപാർക്കണമേ (നരക്കായി)
കൊടിയപാപിയാമടിയനെപ്രതി—നെടിയകുന്തത്തിൻമുനയാൽ
കഠിനമായിട്ടു തുറന്നപാപികൾ—ക്കഭയമേകുംഹൃദയമേ! (നരക്കായി)
തികച്ചസ്നേഹത്താൽ മികച്ച നിന്ദകൾ—സഹിച്ചിപ്പാപികൾക്കിടയിൽ
വസിച്ചു ഞങ്ങളെത്തുണച്ചുനന്മകൾ—ചൊരിയും ദിവ്യഹൃദയമേ! (നരക്കായി)
പരിശുദ്ധന്മാരാലതി ശുദ്ധസ്ഥല—ത്തധികമായ്ക്കിട്ടുംസ്തുതികൾ
പരിചിൻകൈവെടിഞ്ഞരികിൽ ഞങ്ങളെ—യണക്കും ദിവ്യഹൃദയമേ! (നരക്കായി)
അനന്തവിസ്തൃതമനന്തലോകങ്ങ—ളനന്തഭംഗിയിൽചമച്ച്
അനന്തതന്നിലിച്ചെറുസക്രാരിയിൽ—വസിക്കും ദിവ്യഹൃദയമേ! (നരക്കായി)
അരിയപീഡയാൽ നരകവായിൽനി— ന്നൊഴിച്ചുമക്കളിൽ പലരും
നരകപാതയിൽ ചരിക്കുംകാഴ്ചയാൽ—ദഹിക്കും ദിവ്യഹൃദയമേ! (നരക്കായി)
പരമതാതൻെറ വലത്തുഭാഗത്തു—പരിചിൽവാഴുന്ന സുതനേ!
പരിഹാരബലിയടിയനാകുവാൻ—കനിവുചെയ്യുക പരനേ! (നരക്കായി)

# പ്രസാധകക്കുറിപ്പുകൾ.

## ജൂൺമാസഭക്തി.

ജൂൺമാസം നമ്മുടെ കർത്താവിൻെറ തിരുഹൃദയ ഭക്തിക്കായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധ കന്യകമറിയം വഴിയായി നമ്മുടെ കർത്താവിനെ സമീപിക്കുവാൻ നമ്മെ പഠിപ്പിക്കണമെന്ന ഉദ്ദേശ്യത്തോടെ മേയ് മാസഭക്തിയുടെ ശേഷം ജൂൺ മാസഭക്തിയും തിരുസഭ ഏർപ്പെടുത്തിയിരിക്കു

ന്നു. മേയ് പുഷ്പങ്ങളുടെയും ജൂൺ ഫലങ്ങളുടേയും മാസങ്ങളാണ്, പുഷ്പത്തിൽനിന്നു ഫലം പുറപ്പെടുന്നതുപോലെ മേയ്മാസ ഭക്തിയിൽനിന്നു ജൂൺമാസഭക്തി പുറപ്പെടുന്നു എന്ന് ഒരുവിധത്തിൽ പറയാവുന്നതാണ്. പരിശുദ്ധ കന്യകമറിയത്തോടു ഭക്തിയായിരിക്കുന്നവർ ഒരിക്കലും നശിച്ചുപോകുകയില്ല എന്നുള്ളതു ഭേദമില്ലാത്ത ഒരു സത്യമാകുന്നു. നിഷ്കളങ്കമായ ഈ ഭക്തി ഈശോയോടു നമ്മെ അടുപ്പിക്കയത്രെ ചെയ്യുന്നത്. ഈശോയെ പ്രാപിക്കുന്നതും രക്ഷ പ്രാപിക്കുന്നതും ഒന്നുതന്നെയാണല്ലോ. ആകയാൽ മാതാവിന്റെ സഹായത്തോടുകൂടി പുത്രനെ നമുക്കു സമീപിക്കാം. പ്രതിസ്നേഹം, പരിഹാരപ്രവൃത്തി മുതലായ സുകൃതങ്ങൾ ഈ മാസത്തിൽ നാം അനുഷ്ഠിക്കുകയിൽ ദേവമാതാവിനെ നമുക്കു സഹായത്തിനു വിളിച്ച് ആ നാഥ വഴിയായി നമ്മുടെ കൃത്യങ്ങൾ ഈശോയുടെ തിരുഹൃദയത്തിനു നമുക്കു സമർപ്പിക്കാം.

## വിശുദ്ധ പത്രോസും വിശുദ്ധ പൌലോസും.

ജൂൺമാസം 29-ാംനു- വി. പത്രോസിന്റെയും 30-ാംനു- വി: പൌലോസിന്റെയും തിരുനാളുകൾ തിരുസഭയിൽ ആഘോഷിക്കപ്പെടുന്നു. 29-ാം തീയതി നടത്തുന്ന തിരുനാൾ ലത്തീൻകാരെന്നൊ ഗ്രേക്കരെന്നൊ സുറിയാനിക്കാരെന്നൊ ഉള്ള റീത്തു വ്യത്യാസം കൂടാതെ തിരുസഭ ഒട്ടുക്കു ഇപ്പോൾ ആഘോഷിച്ചുവരുന്നു. വി. പത്രോസ് തിരുസഭയുടെ ഒന്നാമത്തെ മാർപ്പാപ്പാ ആയിരിക്കുന്നതിനാൽ പ്രത്യേക തീക്ഷ്ണതയോടും ഭക്തിയോടുംകൂടി ഈ തിരുനാളിന് ഒരുങ്ങുവാൻ നമുക്കു കടമയുണ്ട്. പത്രോസു മിശിഹായിൽനിന്നു പ്രാപിച്ച പരമാധികാരത്തിനു കീഴ്പ്പെട്ടിരിക്കുന്നവരും പത്രോസിന്റെ പിൻഗാമിയായ പതിനൊന്നാം പീയൂസിന്റെ ഭരണത്തിൽ ഉൾപ്പെട്ടിരിക്കുന്നവരുമായ കത്തോലിക്കർക്ക് തിരുസിംഹാസനത്തോട് തങ്ങളുടെ ഭക്തിയാദരങ്ങൾ പ്രദർശിപ്പിക്കുവാൻ ഇതിൽ വിശേഷമായ വേറൊരു അവസരമില്ല. വേദപ്രചാരത്തിനായി വിശ്വാസികൾ ധർമ്മം ചെയ്യുന്ന 'പത്രോസിന്റെ കാശു' പിരിവു നടത്തുന്ന അവസരം ഈ തിരുനാൾദിവസമത്രെ. ഓരോരുത്തരും ഏറ്റം നിസ്സാരമായ ഒരു തുകയാണ് കൊടുക്കുന്നതെങ്കിലും എല്ലാവരുടെയും ഒരുമിച്ചു കൂടുമ്പോൾ അതു ഒരു വലിയ സംഖ്യയായി തീരുകയും പല വൻകാര്യങ്ങൾ അതുകൊണ്ടു നടത്തുവാൻ മാർപ്പാപ്പാക്കു സാധിക്കുകയും ചെയ്യുന്നു. വേദപ്രചാരത്തെ ഉദ്ദേശിച്ചു ചെലവുചെയ്യുക നമ്മുടെ ആളുകൾക്കു വളരെ ദുസ്സഹമായി തോന്നാറുണ്ടെന്നു അനുഭവത്തിൽനിന്നു കാണുന്നു. എന്നാൽ അതു കാര്യം മനസ്സിലാകാത്തതുകൊണ്ടാണെന്നു മാത്രമെ വിചാരിക്കേണ്ടതായുള്ളു. മറ്റു പല കാര്യങ്ങൾക്കും അമിതധനവ്യയം ചെയ്യുന്ന മലയാളികൾ വേദപ്രചാരമെന്തെന്നു ശരിയായി ഗ്രഹിച്ചാൽ മതിയായ സഹായങ്ങൾ അതിനു ചെയ്യുമെന്നു സംശയമില്ല. പത്രോസിന്റെ കാശുപിരിവു കഴിഞ്ഞ കൊല്ലങ്ങളിൽ എല്ലാം വളരെ കുറവായിരുന്നു. ആ കുറവ് ഈ കൊല്ലം പരിഹരിക്കുവാൻ എല്ലാവരും ശ്രമിക്കണമെന്നു ഓർമ്മപ്പെടുത്തുകയും ശ്രമിക്കുമെന്നു ശരണപ്പെടുകയും ചെയ്യുന്നു.

പത്രോസിന്റെ കാശിനെ അനുഗമിച്ചു തോമ്മായുടെ കാശും നമ്മുടെ ഇടയിൽ ഏർപ്പെടുത്തിയിട്ടുണ്ടല്ലോ. മാർതോമ്മായുടെ മരണത്തിരുനാൾ മലങ്കരെ ആഘോഷിക്കപ്പെടുന്ന ജൂലായി 3-ാം തീയതി ആണ് ഈ പിരിവു നടത്തുന്നതെന്നും അനുസ്മരിപ്പിച്ചുകൊള്ളുന്നു.

# തിരുഹൃദയഭക്തി.

(റവ. ഫാദർ ഹില്ലാറിയോൻ സി. ഡി.)

“രക്ഷയുടെ ഉറവയിൽനിന്നു് നിങ്ങൾ വെള്ളങ്ങളെ കോരും.” ഏശയ്യാനിവ്യാ. അ. ൧൨. തിന്മയിൽനിന്നും ചിലപ്പോൾ നന്മ ഉളവാകുന്നുയെന്നു കാണിക്കുന്ന അനേകം സംഭവങ്ങൾ വേദാഗമ ചരിത്രത്തിൽ നമുക്കു കാണാവുന്നതാണ്. പൂർവ്വയൌസേപ്പിൻെറ സഹോദരന്മാർ അദ്ദേഹത്തെ എജിപ്തുകാരായ കച്ചവടക്കാർക്കു വിററതു് അവർ ചെയ്ത ഒരു മഹാപാപമായിരുന്നുവെങ്കിലും ആ വില്പന അവരെയും മററനേകരെയും പഞ്ഞത്തിൽനിന്നു രക്ഷിക്കുന്നതിന്ന് കാരണമായി. യഹൂദന്മാർ നമ്മുടെ കർത്താവിനെ ക്രൂരതരമായ പാടുകൾ അനുഭവിപ്പിച്ചശേഷം കുരിശിൽ തറച്ചു് കൊന്നതു് വലിയ ദൈവദോഷമായിപ്പോയി എങ്കിലും ലോകരക്ഷക്കു് അതു ഉത്തമമായ വിധത്തിൽ ഉപകരിച്ചു. അപ്രകാരംതന്നെ കുരുടനായ ലൊങ്കീനോസ് നമ്മുടെ കർത്താവിൻെറ തിരുവിലാവു് കുന്തംകൊണ്ടു കുത്തിത്തുറന്നതു് അവന്നു കാഴ്ചകിട്ടുന്നതിന്നു തൽക്ഷണം ഉപകരിച്ചു. തന്നെയുമല്ല ആ തിരുഹൃദയ മുറിവു് അനേകർക്കു് രക്ഷാമാർഗ്ഗവും അഭയസ്ഥാനവുമായി ഭവിച്ചു. സർവ്വശക്തനായ ദൈവത്തിൻെറ പ്രവൃത്തികൾ എത്ര അതിശയിക്കത്തക്കതും അവയുടെ കാരണങ്ങൾ എത്ര അഴമായതുമെന്നു് കണ്ടുപിടിപ്പാൻ പ്രയാസമാണ്. ഇതിനെപ്പററി ചിന്തിക്കുന്നവർ ഇക്കാലത്തു എത്ര ചുരുക്കം. “ഹൃദയംകൊണ്ടു ചിന്തിക്കുന്നവൻ ഇല്ലാത്തതിനാൽ ലോകം നശിക്കുന്നു”വെന്നല്ലയോ പറയേണ്ടതു്? അസന്മാർഗ്ഗിക നടപടി, മദ്യപാനം, കൊലപാതകം അക്രമങ്ങൾ ഇത്യാദി മഹാപാപങ്ങൾ ഇപ്പോൾ ഭൂമിയിൽ എത്ര അധികമായി നടക്കുന്നു. ഈ ആധുനിക കാലത്തു ഓരോ തരത്തിലും, പദവിയിലും എന്നുവേണ്ടാ ശ്രേഷ്ഠകുലത്തിലും സ്ഥിതിയിലുമുള്ള മനുഷ്യരുടെ ഇടയിൽതന്നെ നടക്കുന്ന അനുദിന നടപടികളെയും സംഭവങ്ങളേയും സൂക്ഷിക്കുക. മേൽ പ്രസ്താവിച്ചതുകളൊക്കയും ദൈവകോപവും അങ്ങെ ശാപവും, നീതിയായിട്ടുള്ള ശിക്ഷയുമല്ലെയോ വരുത്തിക്കൂട്ടുന്നതു്. ഇപ്പോൾ നടക്കുന്ന ഐശ്വര്യമില്ലായ്മ, വസ്തുനാശം, ആൾനാശം, വസന്ത, ദുർമ്മരണങ്ങൾ മുതലായവ ദൈവകോപത്തിൻെറ ദൃശ്യമായ അടയാളങ്ങളാണെന്നല്ലയോ പറയേണ്ടതു? ഈ നാനാതരനാശങ്ങൾക്കുള്ള തക്കപരിഹാരമാർഗ്ഗംഎന്താണ്? നിങ്ങളുടെ ബോധത്തെയും, ജ്ഞാനദൃഷ്ടിയേയും ഒന്നു ഗാഗുൽത്താമലയിലേക്കു് തിരിക്കുക, അവിടെ ഇടവിതാനത്തിൽ, ഹീനനായി, നിസ്സഹായനായി, പരിഹാസ വിഷയമായി തൂങ്ങിക്കിടക്കുന്ന നമ്മുടെ സ്രഷ്ടാവും, രക്ഷകനും, ദൈവകോപത്തെ ശാന്തതപ്പെടുത്തി “പിതാവെ അവരോടു നീ ക്ഷമിക്കേണമെ!” എന്നു പറയുന്ന മദ്ധ്യസ്ഥനും മനുഷ്യദൈവവുമായ ഈശോമ്ശിഹായെ ഒരു നോക്കു് സൂക്ഷിക്കുക. അവിടെ അങ്ങേ ഹൃദയം പാപികളായ നമുക്കവേണ്ടി തുറന്നിരിക്കുന്നതും, അതിൽനിന്നും, വെള്ളവും ചോരയും ഒഴുകുന്നതും കാണാം. ഇതുതന്നെയാണ് രക്ഷയുടെ ഓലിയുറവയും, അനുഗ്രഹത്തിൻെറയും, സ്നേഹത്തിൻെറയും കേന്ദ്രസ്ഥാനവും. ഇവിടെനിന്നാണ് ഓരോരുത്തനും, ധാരാളമായി കോരിക്കുടിച്ച് സ്നേഹത്തിൽ എരിഞ്ഞു തൃപ്തിയ

ടയേണ്ടത്. നമ്മെ അതിയായി സ്നേഹിക്കുന്ന നമ്മുടെ കർത്താവിൻെറ തിരുഹൃദയ ഭക്തിയുടെ ആരംഭം ഇതുതന്നെയാണ്.

തിരുഹൃദയ ഭക്തി ഗാഗുൽത്താമലയിൽ തുടങ്ങിയതായിരുന്നാലും ആദ്യകാലങ്ങളിൽ അതിനെ പ്രത്യേക പ്രയോഗത്തിൽ വരുത്തേണ്ട ആവശ്യമില്ലായിരുന്നു. അതിന്നുള്ള കാരണം, വി. യോഹന്നാൻ എവഞ്ചേലിസ്താ ഒരു പുണ്യവതിക്ക് അറിയിച്ചപ്രകാരം, ആദിമ ക്രിസ്ത്യാനികളിൽ വലിയൊരു ഭാഗം പുണ്യവാന്മാരും, മതനിഷ്ഠയുള്ളവരും, ഭക്തന്മാരും, ആയിരുന്നു. സത്യമതത്തിന്നുവേണ്ടി പ്രാണത്യാഗം ചെയ്യുന്നതിന്നുകൂടി അവർ ഒരുങ്ങിയിരുന്നു. കാലാന്തരത്തിൽ ക്രിസ്ത്യാനികളിൽതന്നെ ശീശ്മ, ഇടത്തൂട്, മുതലായ അക്രമങ്ങൾക്കും പുറമെ ഭക്തിയില്ലായ്മയും, മന്ദജീവിതവും ലൌകികാഡംബരത്തിലത്യാശയും, ആദ്ധ്യാത്മിക നടപടികളിൽ ഉത്സാഹമില്ലായ്മയും വർദ്ധിച്ചുവന്നു, ദൈവവിശ്വാസവും, സന്മാർഗ്ഗനിഷ്ഠയും കുറഞ്ഞുവന്നപ്പോൾ, അക്രമങ്ങളും, അനീതിയും, മററനേകതര പാപങ്ങളും ഏറ്റവും എളുപ്പത്തിലുണ്ടായി. ദൈവതിരുമനസ്സിന്നെതിരായി നടക്കുന്ന അനേക പാപാക്രമങ്ങൾ നിമിത്തം ന. കർത്താവിൻെറ തിരുഹൃദയം അതിയായി ദുഃഖം അനുഭവിച്ചു. ഇപ്പോഴും അനുഭവിക്കുന്നു. ദൈവപ്രമാണ ലംഘനം പാപവും, കൃതജ്ഞതയില്ലായ്മയും ആകുന്നുവെന്നതു വളരെ തെളിവുള്ള സംഗതിയാണ്. ഈ വാസ്തവത്തെ മനുഷ്യരെ അറിക്കുന്നതിനാണ് വി. മർഗരീത്താ അമ്മക്ക് ന. കർത്താവ് കാണപ്പെട്ട് അങ്ങെ തിരുഹൃദയം കാണിച്ചുകൊണ്ട് അങ്ങേ ദുഃഖത്തെയും, അനേകരുടെ നാശത്തിലുള്ള അനുകമ്പയേയും, പ്രസ്പഷ്ടമാക്കിയതു. മനുഷ്യകുലത്തെ ഇനിയും രക്ഷയുടെ മാർഗ്ഗത്തിൽ മുമ്പോട്ടു നടത്തുന്നതിനുള്ള അത്ഭുതകരമായ ഒരുവഴി മനുഷ്യരെ അതിയായി സ്നേഹിക്കുന്ന അങ്ങേ തിരുഹൃദയത്തിൻപക്കൽ അടുപ്പിക്കയാണ്. അതു ദൈവസ്വഭാവത്തോട് യോജിക്കുന്ന ദൈവികവും, ദിവ്യമായതുമായ ഹൃദയമാണെന്നുള്ള പരമാർത്ഥ വിശ്വാസത്തോടെ, ന. പിതാവ് മാർ തോമ്മാശ്ലീഹാ അതിൽ തൻെറ കൈവിരൽ കടത്തികൊണ്ടു— "എൻെറ കർത്താവെ! എൻെറ ദൈവമേ!" എന്നു നിലവിളിച്ചതുപോലെ നാമെല്ലാവരും ചെയ്യണം.

കത്തോലിക്കാതിരുസ്സഭ ന. കർത്താവിൻെറ തിരുമനസ്സിനെയും ആഗ്രഹത്തെയും അനുസരിച്ചും, വി. മർഗരീത്താ അലക്കോക്ക് എന്ന പുണ്യവതിക്കറിയിക്കപ്പെട്ടതുപോലെയും തിരുഹൃദയത്തിരുനാളിനെ സ്ഥാപിച്ച് നടപ്പിലാക്കി. തന്നെയുമല്ല അതു ഒന്നാംതരം തിരുനാളുകളുടെ കൂട്ടത്തിൽ ഗണിക്കപ്പെടുകയും ചെയ്യുന്നു. ഇതിന്നുപുറമെ ജൂൺമാസം തിരുഹൃദയ ഭക്തിക്കായി പ്രതിഷ്ഠിച്ചു, പ്രസ്തുത മാസവണക്കത്തിന്ന് യോജിക്കുന്ന ജ്ഞാനവായനകളെയും, പ്രത്യേക ജപങ്ങളെയും സുകൃതങ്ങളേയും അംഗീകരിച്ച്, വിശ്വാസികളേവരും, തിരുഹൃദയത്തിരുനാൾ ആഘോഷമായി കൊണ്ടാടണമെന്നും, മാസവണക്കം നടത്തണമെന്നും, അപ്പൊസ്തോലാത്തുസ് സഭയിൽ ചേരണമെന്നും ഉപദേശിക്കുന്നു. തിരുഹൃദയഭക്തന്മാർ ചെയ്യുന്ന എല്ലാ സുകൃതകൃത്യങ്ങൾക്കും പൂർണ്ണമായതും അപൂർണ്ണമായതുമായ അനേക ദണ്ഡവിമോചനങ്ങളും നിശ്ചയിച്ചിട്ടുണ്ട്. ഇതൊക്കെല്ലാം തൻെറ മുന്തിരിത്തോട്ടമായ മനുഷ്യകുലത്തിന്നുവേണ്ടി ദയാപൂർവ്വം, അതിയായ ക്ഷമയോടുകൂടിയും ചെയ്ത ശേഷവും, നന്ദിയില്ലാത്ത അനേകംപേർ, പുറജാതിക്കാരൊ, അവിശ്വാസികളൊ മാത്രമല്ല, അങ്ങെ പ്രിയമക്കളായ കത്തോലിക് വിശ്വാസികൾ കൂടെയും അവരുടെ പാപകൃത്യങ്ങളാൽ അങ്ങേ ഉപദ്രവിച്ചു നൊമ്പരപ്പെടുത്തിക്കൊണ്ടിരിക്കുന്നു. എന്നാലും അങ്ങേ അതിരററ സ്നേഹം അവരെ വിളിച്ചുണർത്തിക്കൊണ്ട് "നിങ്ങളെല്ലാവരും എൻെറ പക്കൽ വരുവിൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം"— "ഞാൻ ഹൃദയശാന്തനും, എളിമയുള്ളവനുമാകുന്നു. നിങ്ങൾ എന്നിൽ നിന്നു പഠിപ്പിൻ" എന്നൊക്കെ സ്നേഹഭാവത്തി

ല്യം, അനുഗ്രഹം പൊഴിയുന്ന തൃക്കരങ്ങൾ വിരിച്ചുകൊണ്ടും അരുളിച്ചെയ്യുന്നു. ഈ അനുഗ്രഹസ്വരത്തെ കേൾക്കാത്തവക്കും സ്വന്ത അറിവിന്ന് തക്കവണ്ണം അങ്ങേ സ്നേഹിക്കാത്തവക്കും നിർഭാഗ്യം. "നിങ്ങൾക്ക് ശാപം" എന്ന് സ്വാപ്രേമാർ, പ്രീശന്മാർ, മുതൽപേരോടു നമ്മുടെ കർത്താവ് അരുളിച്ചെയ്ത ശാപവാക്യത്തെ ഈ അവസരത്തിൽ നാം ഓർക്കണം. അക്ഷരാർത്ഥത്തിൽ ആ ശാപം എങ്ങനെ ആ ജനങ്ങളിൽ പൂർത്തിയായി എന്നുള്ള പരമാർത്ഥവും നാം വിസ്മരിക്കേണ്ടതല്ല. അതിനാൽ നാം എവരും ഒരിക്കൽ അതായതു് അനുഗ്രഹത്തിൻെറ ഈ കാലം അവസാനിക്കുമ്പോൾ മനുഷ്യപാപത്താൽ കോപിച്ചിരിക്കുന്ന ദൈവന്യായാസനത്തിങ്കൽ ചെല്ലുമ്പോൾ ശപിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ചേരാതിരിക്കണമെങ്കിൽ അനുഗ്രഹത്തിൻെറ തിരുഹൃദയത്തിൻപക്കൽ, അതെ, കരുണയുള്ള വിധികർത്താവിൻെറ ഒളിക്കപ്പെട്ട ന്യായാസനത്തിൻപക്കൽ പ്രത്യാശയോടെ അണയേണ്ടിയിരിക്കുന്നു. ചെയ്ത പാപങ്ങളെക്കുറിച്ച് മനസ്സുരുകി ദുഃഖിപ്പിൻ, വീണ്ടും പാപംചെയ്കയില്ലെന്നു പ്രതിജ്ഞ ചെയ്യുവിൻ. പാപവഴികളേയും കാരണങ്ങളേയും ചുവടെ ഉപേക്ഷിപ്പിൻ. തിരുഹൃദയഭക്തന്മാരെയനുകരിച്ചു ഒന്നാംവെള്ളിയാഴ്ചതോറും കുമ്പസാരിച്ചു് ശ്രു കുർബ്ബാന ഉൾക്കൊള്ളുവിൻ, അപ്പോസ്തോലാത്തുസ് സഭയിൽ ചേർന്നു പേരെഴുതിപ്പിൻ, കുടുംബപ്രതിഷ്ഠ കഴിപ്പിൻ, തിരുഹൃദയപടമോ, കൊത്തുരുപമൊ വെച്ചു, അങ്ങേ ബഹുമാനിക്കുന്ന കുടുംബങ്ങളെ താൻ ആശീർവ്വദിക്കും എന്ന തിരുവാക്യം നമ്മുടെ കുടുംബങ്ങളിൽ നിറവേറുന്നതിന്ന് വേണ്ടതൊക്കെയും സശ്രദ്ധം നിവർത്തിപ്പിൻ. ഈ കാലത്തിലെ ദുഷ്ടതകളോടു യുദ്ധം ചെയ്തു ജയിക്കുന്നതിന്നുള്ള പ്രത്യേക ആയുധം തിരുഹൃദയഭക്തിയും, ശ്രു. കുർബാനയുടെ മുമ്പാകെയുള്ള നിരന്തരപ്രാർത്ഥനയുമാകുന്നുവെന്നു നാം സദാ ഓർമ്മിച്ചിരിക്കേണ്ടതാണ്.

# ഈശോയുടെ നോട്ടവും അനുതപ്തനായ വി. പത്രോസും

(റവ. ഫാദർ തോമസ് പി. മണക്കാട്ട്.)

നിത്യസ്മരണയ്ക്കർഹമായ ആ പെസഹാ വ്യാഴാഴ്ചരാത്രിയിൽ പീലാത്തോസിൻെറ അരമനമുററത്ത് അവിടത്തെ സേവകന്മാരോടുകൂടെ ഒന്നിച്ചിരുന്നു് വി. പത്രോസ് തീകായുകയായിരുന്നു. ക്രിസ്തുവാകട്ടെ, യൂദജനത്താൽ കുററാരോപിതനായി പ്രസ്തുത ഗവണ്ണറുടെ മുമ്പാകെ ഹാജരാക്കപ്പെട്ടിരുന്നു. സ്വഗുരുവിൻെറ പിറകെ അരമനമുററംവരെ വി. പത്രോസ് വന്നു. എന്നാൽ വി. യോഹന്നാനേപ്പോലെ സധൈര്യം അരമനയ്ക്കകത്തു പ്രവേശിക്കുവാൻ അദ്ദേഹത്തിനു തൻേറടമുണ്ടായില്ല. അതിനാലാണ് അയാൾ പുറത്തുതന്നെ നിലകൊണ്ടതു്. ഇങ്ങനെ കുറെകഴിഞ്ഞപ്പോൾ മർമ്മഭേദകമായ ഒരു സംഭവം നടന്നു. അതു, വി. പത്രോസ് സ്വഗുരുവായ ക്രിസ്തുവിനെ പൊടുന്നനവേ പരിത്യജിച്ചതായിരുന്നു. അബലയായ ഒരു സ്ത്രീ

യുടെ ചോദ്യത്താൽ ഭയവിഹ്വലനായി ക്രിസ്തുവിനെ താൻ അറിയുകയില്ലെന്ന് ആണയിട്ടുപറഞ്ഞു. അതും ഒരുപ്രാവശ്യമല്ല, പിന്നയോ മൂന്നു വ്യത്യസ്തസമയങ്ങളിൽ പൂർണ്ണമനസ്സറിവോടും കൂടെയാണ് ചെയ്തതു്. അത്യാശ്ചര്യം! കുറെമുമ്പ്, അതെ കുറെമണിക്കൂറുകൾമാത്രം മുമ്പ് ദേഹം നശിച്ചാലും, ദേഹിവെടിഞ്ഞാലും നിന്നെ (ക്രിസ്തുവിനെ) ഉപേക്ഷിക്കയില്ലെന്നുപറഞ്ഞ ആ വാത്സല്യശിഷ്യൻ—പത്രോസെന്നീ പാറയാകുന്നു. ഈ പാറമേൽ എന്റെപള്ളിയെ ഞാൻ പണിയുമെന്ന വാഗ്ദാനവരത്താൽ അനുഗൃഹീതനായആ സ്നേഹഭാജനം ഇതാ മൂന്നുപ്രാവശ്യം സ്വഗുരുവിനെ ഉപേക്ഷിച്ചു. "അപ്പോൾ ഈശോ തിരിഞ്ഞ് പത്രോസിനെ നോക്കി"ആ നോട്ടം ഏററവും അർത്ഥവത്തായിരുന്നു. സന്താപസമ്പൂർണ്ണമായിരുന്ന ആ തൃക്കടാക്ഷം മൂർച്ചയേറിയഅസ്ത്രം പോലെ അയാളുടെ ഹൃദയത്തിൽ തറഞ്ഞു. എന്തുകൊണ്ടെന്നാൽ ഉത്തരക്ഷണത്തിൽ സ്വഗുരു തന്നെപ്പററി കാലേക്കൂട്ടി പ്രവചിച്ചിരുന്നവയെല്ലാം നിറവേറിയെന്നു അയാൾക്കുമനസ്സിലായി. അനന്തരമുളവായ വി: പത്രോസിന്റെ മനഃക്ഷോഭത്തെപ്പററി വി: ലിഖിതകാരൻ സംക്ഷിപ്തമായി പറയുന്നതിങ്ങനെയാണ്: "അയാൾ പുറത്തുപോയി കയ്പോടെകരഞ്ഞു". അതെ, അണപൊട്ടിയആറുപോലെ അയാളുടെ ഇരുകണ്ണുകളിൽ നിന്നും കണ്ണുനീർ പ്രവഹിച്ചു. ചെയ്തകുററത്തെക്കുറിച്ച് ഉള്ളഴിഞ്ഞ് അനുതപിച്ചു. തന്റെപ്രേമസർവസ്വമായ ഗുരുവിന്റെ അതൃപ്തിയെ ചിന്തിച്ച് അയാൾ കണ്ണുനീരും കയ്യുമായി രാപ്പകൽ കഴിച്ചു. ഈ വിഷമഘട്ടത്തിൽ, ഒരുപക്ഷെ, വി: പത്രോസ് തന്റെ ആശ്വാസത്തിനായും ദുഃഖശാന്തിക്കായും നമ്മുടെ പരി. അമ്മയുടെ അടുക്കൽപോയിരിക്കും. എന്തുകൊണ്ടെന്നാൽ ക്രിസ്തുവിന്റെ സ്നേഹസത്തായ ആ അമ്മയുടെ ആപേക്ഷകൾ ഒരിക്കലും നിരസിക്കയില്ലെന്ന് അയാൾക്ക് അനുഭവമാണല്ലോ—കാര്യം എങ്ങനെയായാലും ക്രിസ്തു പത്രോസിനോട് പാപംപൊറുത്തെന്നുള്ളതും, അവിടുന്നു നിശ്ചയിച്ചിരുന്നതുപോലെ, സ്ഥാനമാനങ്ങളും പരമാധികാരചിഹ്നവും അയാൾക്ക് പ്രദാനം ചെയ്തു എന്നതും, ഉത്ഥാനശേഷമുള്ള അവിടുത്തെ വാക്കുകളിൽ നിന്നും പ്രസ്പഷ്ടമാണല്ലോ.

ക്രിസ്ത്യാനികളായ നാം ഈ സംഭവത്തിലെ രണ്ടുസംഗതികളെ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്. ആദ്യമായി, വി: പത്രോസിന്റെ പാപവും, അതിനാലുണ്ടായ അദ്ദേഹത്തിന്റെ അനുതാപാധിക്യവും; രണ്ടാമതായി, ക്രിസ്തുവിന്റെ സീമാതീതമായ അനുഗ്രഹവർഷം. പത്രോസ് പാപം ചെയ്യുന്നുള്ളതു വാസ്തവം തന്നെ. എന്നാൽ അദ്ദേഹം ഉള്ളഴിഞ്ഞ് അനുതപിച്ചു: അനുതപിക്കമാത്രമല്ല, മേലിൽപാപംചെയ്കയില്ലെന്നു ദൃഢനിശ്ചയവും ചെയ്തു. അതുകൊണ്ടും തൃപ്തിപ്പെടാതെ ആ നിശ്ചയത്തെ അന്ത്യശ്വാസം വലിക്കുന്നതുവരെ നിഷ്കർഷയോടെനിറവേററി. ആകയാൽ നാം പാപത്തിൽ പത്രോസിനെ അനുകരിക്കുന്നവരെങ്കിൽ അദ്ദേഹത്തിന്റെ അതിരററഅനുതാപത്തിലും ദൃഢനിശ്ചയത്തിലും തദനുസരണമായജീവിതവൃത്തിയിലും അദ്ദേഹത്തെഅനുകരിക്കണം.

വി. പത്രോസിനെ ഇത്രമാത്രം ദുഃഖിതനാക്കിയതു് ക്രിസ്തുവിന്റെ അനുഗ്രഹസമ്പൂർണ്ണമായവീക്ഷണമാണെന്ന് ചിലർ വിചാരിച്ചേക്കാം: ശരിതന്നെ. എന്നാൽ തെററു ചെയ്ത വിശുദ്ധ പത്രോസിനെ അന്നുനോക്കിയ ആ കണ്ണുകൾ കൊണ്ടുതന്നെ ഇന്ന് പാപികളായ നമ്മേയും അവിടുന്ന് നോക്കുന്നു. അന്ന് അവിടുന്ന് ദൃശ്യനായി, മഹത്വീകരിക്കപ്പെടാത്ത മാംസക്കണ്ണുകൾ കൊണ്ടുനോക്കി. ഇന്നാകട്ടെ, അദൃശ്യനായി, മഹത്വീകരിക്കപ്പെട്ട കണ്ണുകൾ കൊണ്ട് വീക്ഷിക്കുന്നു. അതെ, നാം ഓരോപാപം ചെയ്യുമ്പോഴും, ചെയ്തുകഴിഞ്ഞും അവിടത്തേ സന്താപനേത്രങ്ങൾ നമ്മുടെ നേരെതിരിക്കുന്നുണ്ട്. തൽഫലമായി, മുഴങ്ങുന്നമണിനാദം പോലെയും, പൈതൃകമായവിലപനസ്വരം പോലെയും അവിടത്തെ ഉപദേശങ്ങൾ നമ്മുടെ ശ്രോത്രപുടങ്ങളിൽ ധ്വനിക്കുന്നു. പക്ഷെ കേൾക്കുന്നവർ എത്രചുരു

കം. എൻെറമകനെ എൻെറഹൃദയത്തെ വേദനിപ്പിക്കുന്നതും, അടഞ്ഞിരിക്കുന്നഎൻെറമുറിവുകളെ വീണ്ടും കുത്തിത്തുറക്കുന്നതുമായ പാപങ്ങളെ നീ ചെയ്യരുതെന്ന് ഉപദേശിക്കുന്ന മാധുര്യസ്വരം പലപ്പോഴും നമ്മുടെ മനസ്സാക്ഷിയിൽ മാറെറാലി കൊള്ളുന്നുണ്ട്. എന്നാൽ എത്ര ചുരുക്കമാളുകൾ അതു് ഗൗനിക്കുന്നു. തിരഞ്ഞെടുക്കപ്പെട്ടവരിൽ ഒരുവനായ യൂദാസിൻെറകാര്യം ഇത്തരുണത്തിൽ സ്മരണീയമാണ്. ദിവ്യരക്ഷകൻ അയാളെ തിരിഞ്ഞുനോക്കുകമാത്രമല്ല ചെയ്തതു് പിന്നയോസ്നേഹരസം വഴിഞ്ഞൊഴുകുന്നവചനങ്ങളെ ഉച്ചരിക്കുകൂടിചെയ്തു. എന്നാൽ എല്ലാം നിഷ്ഫലമായി പാറകണക്ക് അഭേദ്യമായ അയാളുടെ ഹൃത്തടം ഇളകിയില്ല. ആദിവ്യഹൃദയത്തിൽ നിന്നും പൊട്ടി പ്രവഹിച്ച അനുഗ്രഹം ധനാസക്തിയാകുന്ന ബലവത്തായ ബന്ധത്താൽ തടയപ്പെട്ടു. തൽഫലമായി അയാൾ നിത്യനാശഗർത്തത്തിൽ നിപതിക്കുകയും ചെയ്തു. ഇതേവിധം തന്നെ തൻെറ ഈ ലോകജീവിതത്തിൽ, സ്വജനങ്ങളായ യൂദഗണത്തേയും അവിടുന്ന് അനേകതവണ സംവീക്ഷിക്കാതിരുന്നില്ല. സ്നേഹപ്രവർഷകങ്ങളായ വാണീവർഷത്താൽ അദ്ദേഹം അവരെ കടാക്ഷിക്കാതേയുമിരുന്നില്ല. എന്നാൽ പ്രതിനന്ദിയായി, അവർ അദ്ദേഹത്തിന് കുരിശുമരണം സമ്മാനിച്ചു.

ആകയാൽ നാം പാപം ചെയ്തുപോയെങ്കിൽ വി: പത്രോസിനെപ്പോലെ പാപത്തെക്കുറിച്ച് അനുതപിക്കാം. കണ്ണുനീർപ്പുഴയിൽ മുങ്ങിസന്തോഷസാഗരത്തിൽ നമുക്ക് പൊങ്ങാം. വി. പത്രോസിൻെറ തിരുനാൾ ആഘോഷിക്കുന്ന ഈ മാസത്തിൽ ഇതിനായ് നമുക്ക് പ്രത്യേകം ഉദ്യമിക്കാം. കുരിശിന്മേൽ മരണവേദന അനുഭവിച്ച ദിവ്യരക്ഷകൻ നമുക്കിതിനിടയാകട്ടെ: കൃപാസംപൂർണ്ണങ്ങളായ അങ്ങയുടെ കണ്ണുകളെ അവിടുന്ന് എപ്പോഴും നമ്മുടെ നേരേ തിരിക്കട്ടെ!

---

## അനുദിന സൽപ്രസാദ

# സ്വീകരണം നല്ലതോ?

(റവ. ഫാദർ പീയൂസ് സി. ഡി.)

അമേരിക്കായിൽ ‘നോട്ടർഡാം’ സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കു അനുദിന ദിവ്യകാരുണ്യംമൂലം സിദ്ധിച്ചിട്ടുള്ള വരങ്ങളെ, നമ്മുടെ വിദ്യാർത്ഥിലോകത്തിന് അവ ഉപകാരപ്രദമയി ഭവിക്കുമെന്നു കരുതി, അവരുടെ വാക്കുകളായി തന്നെ കീഴെ ചേർത്തുകൊള്ളുന്നു:–

1. അനുദിന ദിവ്യകാരുണ്യസ്വീകരണംമൂലം ദിവസം മുഴുവനും ഭാഗ്യമനുഭവിക്കുന്നു. പ്രസ്തുത കൃത്യം അനുഷ്ഠിക്കുന്ന ദിവസങ്ങളിൽ മനസ്വാതന്ത്ര്യത്തോടും തൃപ്തിയോടുംകൂടി മററുള്ള ദിവസങ്ങളിലെന്നതിനേക്കാൾ കൂടുതലായി പ്രവർത്തിക്കുന്നതിനു എനിക്കു സാധിക്കുന്നുണ്ട്. മഹത്വമേറിയ ഒരു സ്ഥലത്തേക്കു അതു് എന്നെ ഉയർത്തുന്നതായി വാസ്തവത്തിൽ എനിക്കു തോന്നുന്നു.

2. വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്നതുകൊണ്ടു ആത്മികവും ലൗകികവുമായ ഒരു ശക്തി എന്നെ ആവേശിക്കുന്നുണ്ടെന്നാണു എൻെറ യഥാർത്ഥബോധം. എന്നെയും എൻെറ കാര്യങ്ങളെയും സംബന്ധിച്ചു എനിക്കു അനിഷ്ടവും അരോചകവും തോന്നുമ്പോൾ വിശുദ്ധ കുർബ്ബാന ഉൾക്കൊള്ളുന്നതുകൊണ്ട് വീണ്ടും വി

ണ്ടും ഉണർവും നവമായ ധീരതയും ലഭിക്കുന്നുണ്ടു്.

3. പരീക്ഷകളോടു എതൃക്കുന്നതിന്നു നിരന്തരമായി എന്നെ ശല്യപ്പെടുത്തിക്കൊണ്ടിരിക്കുന്ന അശുദ്ധ വിചാരങ്ങളെ ദൂരത്താക്കുന്നതിന്നു ശക്തിമത്തായ മാൎഗ്ഗം വിശുദ്ധ കുബ്ബാനയുടെ നിരന്തരമായ സ്വീകരണമാണെന്നു ഞാൻ കണ്ടുപിടിച്ചിരിക്കുന്നു. ഏതാദൃശസ്വീകരണംമൂലം കത്തോലിക്കാ മതസംബന്ധവും കത്തോലിക്കാസഭാസംബന്ധവുമായ കാൎയ്യങ്ങളിൽ മതിപ്പും സ്നേഹവും അനുദിനമെന്നപോലെ വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. അസാദ്ധ്യമെന്നു തോന്നിയിരുന്ന കാൎയ്യങ്ങളെ നിഷ്പ്രയാസം നിൎവ്വഹിക്കുന്നതിന്നും പ്രസ്തുത സൽകൃത്യം എന്നെ പ്രാപ്തനാക്കി ചെയ്യുന്നുണ്ടു്.

4. നിരന്തരമായി ദിവ്യകാരുണ്യം സ്വീകരിക്കുന്നതായാൽ ദൈവപ്രസാദത്തോടുകൂടി മരിക്കുന്നതിനുള്ള ഭാഗ്യം സിദ്ധിക്കുമെന്നു എനിക്കുറപ്പുണ്ടു്.

5. എന്റെ അന്ത്യം ദൈവമാകുന്നുവെന്നറിയുന്നതിലത്രെ ഈ ലോകവാസത്തിലെ പ്രധാനാശ്വാസമടങ്ങിയിരിക്കുന്നതെന്നറിയത്തക്കവിധം അടുത്തടുത്തുള്ള വിശുദ്ധ കുബ്ബാനയുടെ സ്വീകരണം ദൈവത്തോടു എന്നെ അത്ര അടുപ്പിച്ചിട്ടുണ്ടു്.

6. അനുദിനദിവ്യകാരുണ്യസ്വീകരണം എന്റെ ഭാരത്തെ ലഘൂകരിച്ചിട്ടുണ്ടു് എന്നു തുറന്നു പറയുന്നതിനു എനിക്കു സാധിക്കും. നിരന്തരമായ ആശ്വാസത്തിനുള്ള ഒരു സഖിയായി ദിവ്യകാരുണ്യ ഈശോയെ ഞാൻ കണ്ടെത്തിയിരിക്കുന്നു. ഞാൻ വിശുദ്ധ കുബ്ബാന ഉൾക്കൊള്ളുമ്പോഴൊക്കെയും കൂടുതലായ ആശ്വാസവും കൂടുതലായ ഭാഗ്യവും അനുഭവസിദ്ധമായി വരുന്നു.

7. കോളേജുകളിലും മററു സ്ഥലങ്ങളിലും വച്ചു് സമ്പാദിച്ചിട്ടുള്ള വിജയങ്ങളെല്ലാംതന്നെ വിശുദ്ധ കുബ്ബാന നിരന്തരമായി ഉൾക്കൊണ്ടതുകൊണ്ടാണു് ലഭിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. അകത്തോലിക്കരോടുള്ള സഹവാസത്തിൽ വളൎന്ന സന്മാൎഗ്ഗിക കാൎയ്യങ്ങളിൽ അത്ര ശ്രദ്ധപതിക്കാതിരുന്ന എനിക്കു സുകൃതത്തിന്റെയും ഹൃദയ പരിശുദ്ധിയുടേയും ആവശ്യകത ദിവ്യകാരുണ്യസ്വീകരണംകൊണ്ടു മാത്രമാണു് വ്യക്തമായി തുടങ്ങിയതു്.

8. വളരെ ആദായകരമായ ഒരു കമ്പനിയിൽ ചേരുന്നതുപോലെ അത്ര ഫലസമൃദ്ധിയുള്ളതാണു് ദിവ്യകാരുണ്യസ്വീകരണം അനുദിനം അനുഷ്ഠിക്കുകയെന്നുള്ളതു്.

ദൈവം സ്വൎഗ്ഗത്തിൽ നിന്നിറങ്ങി അപ്പത്തിന്റെ സാദൃശ്യത്തിൽ ഭൂമിയിൽ വസിക്കുന്നതു് സ്വൎണ്ണപാത്രങ്ങളിൽ എഴുന്നെള്ളിയിരിക്കുന്നതിനല്ല; ഭൂമിയിലിട്ടു കത്തിച്ചു ജ്വലിപ്പിക്കുന്നതിനായി കൊണ്ടുവന്നിട്ടുള്ള തീയായ ദൈവസ്നേഹം മനുഷ്യഹൃദയങ്ങളിലിട്ടു കത്തിച്ചു ജ്വലിപ്പിക്കുന്നതിനാണു് അവിടുന്നു അത്യധികം ആഗ്രഹിക്കുന്നതു്. മിശിഹായുടെ പ്രസ്തുത വാഞ്ഛ സഫലമായി ഭവിക്കണമെങ്കിൽ അനുദിനസൽപ്രസാദസ്വീകരണം അനുഷ്ഠിക്കണം. ഈ തത്വമാണു ഇന്നു തിരുസഭ തന്റെ ഭരണകൎത്താക്കൾ വഴിയായി നമ്മെ പഠിപ്പിക്കുകയും ഉപദേശിക്കുകയും അതിലേക്കു സോത്സാഹം പ്രേരിപ്പിക്കുകയും ശക്തിയായി ആകൎഷിക്കുകയും ചെയ്യുന്നതു്. ഇപ്രകാരം നാം പ്രവൎത്തിക്കുമ്പോൾ നോട്ടർഡാം സൎവ്വകലാശാലയിലെ വിദ്യാൎത്ഥികളെപ്പോലെ ഭാഗ്യപൂരിതരാകും. സംശയമുള്ളവർ ഒന്നു പരീക്ഷിച്ചുനോക്കട്ടെ.

# കത്തോലിക്കാ ജനസംഖ്യ.

(ശ്രീമാൻ കെ. സി. വക്കി. ബി. ഏ. എൽ. ററി.)

വിശുദ്ധ വത്സരമായ 1925-ലെ മിഷ്യൻ പ്രദർശനാവസരത്തിൽ ലഭിച്ച അറിവുകളെ അടിസ്ഥാനപ്പെടുത്തി വത്തിക്കാൻ മിഷ്യൻമ്യൂസിയം ഡിറക്ടറായ ഫാദർ റോബേർട്ട സ്റ്റ്റേയിററ് അവർകൾ കത്തോലിക്കാ ജനസംഖ്യയെ കുറിച്ചു ചില കണക്കുകൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. അതുകളിൽനിന്നു വിവിധഭൂഖണ്ഡങ്ങളിലുള്ള കത്തോലിക്കരുടെ തുകയെ സംബന്ധിച്ചു ഒരു താരതമ്യപഠനം ചെയ്യുന്നതു വളരെ ഉപകാരപ്രദമായിരിക്കുമെന്നു തോന്നുന്നു. കത്തോലിക്കാസഭ സാക്ഷാൽ സാൎവ്വത്രികസഭയാണെന്നു പ്രസ്തുത കണക്കുകൾ തെളിച്ചു വിളിച്ചുപറയുന്നുണ്ട്. ജനസംഖ്യകൊണ്ട് കത്തോലിക്കാമതസ്ഥർ ഭൂമുഖത്തുള്ള മററേതെങ്കിലും മതസ്ഥരെക്കാൾ മികച്ചു നില്ക്കുന്നു. പ്രചാരവ്യാപ്തികൊണ്ടും കത്തോലിക്കാസഭ ഇതരമതസംഘടനകളെയെല്ലാം അതിശയിച്ചിരിക്കുന്നു. അറിയപ്പെട്ടിട്ടുള്ള സകല ഭൂവിഭാഗങ്ങളെയും കത്തോലിക്കർ അധിവസിക്കുന്നുണ്ട്. എന്നാൽ ഏഷ്യാഖണ്ഡത്തിലെ കത്തോലിക്കരുടെ എണ്ണം മററോരോ ഖണ്ഡങ്ങളിലേതിനേക്കാൾ തുലോം കുറവാണെന്നുള്ള വസ്തുത വ്യസനപൂൎവ്വം സ്മരിക്കേണ്ടതാകുന്നു. ഏഷ്യാ ഏററവും വലിയ ഭൂഖണ്ഡം; പണ്ടേക്കുപണ്ടേ മനുഷ്യർ അധിവാസമുറപ്പിച്ചതു്. ക്രിസ്തുമതസ്ഥാപകൻ അവതരിച്ചതും ജീവിച്ചതും മരിച്ചതും തൻെറ സത്യസഭയെ സ്ഥാപിച്ചതും ഇവിടെത്തന്നെ. അവിടത്തെ ശിഷ്യന്മാരിൽ പലരും ഈ ഭൂഖണ്ഡത്തിൻെറ പലഭാഗങ്ങളിലും സഞ്ചരിച്ചു സത്യവേദത്തെ ബീജാവാപം ചെയ്യുകയും ഉണ്ടായി. അമേരിക്കാ, ഓഷ്യാനിയാ എന്നീ ഭൂഖണ്ഡങ്ങളാകട്ടെ, അധുനികകാലംവരെ അജ്ഞാതമായും ക്രിസ്തുമതതത്വങ്ങളാകുന്ന സൂൎയ്യരശ്മികൾ പ്രവേശിക്കാതെയും അപരിഷ്കൃതമായി കിടന്നവയാകുന്നു. പക്ഷെ, അവിടങ്ങളിലെ കത്തോലിക്കരുടെ സംഖ്യ അതിപുരാതനത്വവും അനവധി മഹത്വങ്ങളുമുള്ള നമ്മുടെ ഏഷ്യയിലെതിനേക്കാൾ വളരെ കൂടുതലത്രെ. 1925 ലെ കണക്കുംപടിയുള്ള സംഖ്യകൾ താഴെച്ചേൎക്കാം.-

| | | | |
|---|---|---|---|
| യൂറോപ്പിൽ ആകെ കത്തോലിക്കർ | | | 1945 ലക്ഷം |
| ഏഷ്യയിൽ | ,, | ,, | 140 ,, |
| ആഫ്രിക്കായിൽ | ,, | ,, | 40 ,, |
| അമേരിക്കയിൽ | ,, | ,, | 900 ,, |
| ഓഷ്യാനിയായിൽ | | ,, | 25 ,, |
| | | | 3050 ,, |

ഈ കണക്കിൽനിന്നു് ലോകത്തിൽ ആകെയുള്ള കത്തോലിക്കരിൽ 63. 8 ശതമാനം യൂറോപ്പിലാണെന്നു കാണാം. ഏകദേശം മുപ്പതു (29. 5) ശതമാനം അമേരിക്കയിലാണ്. ശേഷിച്ച 6. 7 ശതമാനമാണ് ആഫ്രിക്കാ ഏഷ്യാ, ഓഷ്യാനിയാ എന്നീ മൂന്നു ഭൂഖണ്ഡങ്ങളിലും കൂടിയുള്ളതു്.

ഇനി, ഓരോ ഭൂഖണ്ഡത്തിലും വിവിധ മതസ്ഥരുൾപ്പെട്ട ആകെ ജനസംഖ്യയിൽ എത്ര ശതമാനം കത്തോലിക്കരുണ്ടെന്നു നോക്കാം.

| | | | |
|---|---|---|---|
| യൂറോപ്പിൽ ആകെ ജനസംഖ്യ | | | 4689 ലക്ഷം |
| ഏഷ്യാ | ,, | ,, | 9072 ,, |
| ആഫ്രിക്കാ | ,, | ,, | 1375 ,, |
| അമേരിക്കാ | ,, | ,, | 2056 ,, |
| ഓഷ്യാനിയാ | ,, | ,, | 72 ,, |
| | | | 17,264 ,, |

പ്രസ്തുത ആകെജനസംഖയും മുകളിൽ കൊടുത്തിരിക്കുന്ന കത്തോലിക്കാ

ജനസംഖ്യയും കൂടി ഒത്തുനോക്കുന്നതായാൽ യൂറോപ്പിലും അമേരിക്കയിലും അഞ്ചിൽ രണ്ടും ഓഷ്യാനിയായിൽ മൂന്നിലൊന്നും കത്തോലിക്കരാണെന്നു കാണാം. ആഫ്രിക്കായിൽ നൂററുക്കു മൂന്നും ഏഷ്യായിൽ നൂററുക്കു ഒന്നരയും മാത്രമേ കത്തോലിക്കരുള്ളൂ. മററുവിധത്തിൽ പറഞ്ഞാൽ ആഫ്രിക്കയിൽ 33 അകത്തോലിക്കർക്കു ഒരു കത്തോലിക്കനും ഏഷ്യായിൽ 64 അകത്തോലിക്കർക്ക് ഒരു കത്തോലിക്കനും മാത്രമാണുള്ളത്. ഇൻഡ്യയിലെ കണക്കുപ്രത്യേകം എടുത്താൽ മുപ്പത്തുമൂന്നു(33) കോടി ഹിന്തുക്കളും മുഹമ്മദീയരും ബുദ്ധന്മാരും കൂടിയ ജനസഞ്ചയത്തിൽ അങ്ങിങ്ങായി മുപ്പത്തുരണ്ടര ലക്ഷം അതായതു ഉദ്ദേശം ഒരുശതമാനം കത്തോലിക്കരെ മാത്രമേ കാണുന്നുള്ളൂ.

താരതമ്യേനയുള്ള ഈ കണക്കുകൾ നമ്മുടെ ഏവരുടേയും ചിന്തയ്ക്കു വിഷയമാകേണ്ടവയാണ്. യേശുക്രിസ്തുവിൻെറ പാദകമലങ്ങളാൽ പാവനമാക്കപ്പെട്ട നമ്മുടെ ഏഷ്യാഭൂഖണ്ഡത്തിലുള്ള കത്തോലിക്കരുടെ എണ്ണം എത്രയോ തുഛം! വിശുദ്ധ തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഇൻഡ്യൻ സഭയുടെ സംഖ്യാബലം എത്ര നിസ്സാരം! ഇതു നമുക്ക് അഭിമാനകരമോ? കേവലം ലജ്ജാവഹം! ശോചനീയം!! ഈ ദുരവസ്ഥയുടെ കാരണങ്ങൾ നാം ആരാഞ്ഞറിയണം. വേദപ്രചാരണ സംബന്ധമായി പൗരസ്ത്യരായ നമുക്കുള്ള അശ്രദ്ധയും അലസതയും അല്ലയോ ഇതിനുള്ള ഒരു മുഖ്യകാരണം? ഈ അനാശാസ്യ സ്ഥിതിക്കു അന്തരം വരുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. നമുക്ക് എരിവോടുകൂടി പ്രാർത്ഥിക്കാം. നമ്മുടെ ധനശക്തിയുടെ ഒരംശം വേദപ്രചാരത്തിനായി വിനിയോഗിക്കാം. കാര്യക്ഷമമായ വേദപ്രചാരണപദ്ധതിയിൽകൂടി പരിശ്രമിക്കുന്ന വിദഗ്ദ്ധരായ ദേശീയ മിഷ്യനരിമാർ ധാരാളം നമ്മുടെ നാട്ടിലുണ്ടാകട്ടെ. അവർ ക്രിസ്തുരാജൻെറ വിജയപതാകയെ ആഹ്ളാദപൂർവ്വം അന്യനാട്ടിലേക്കു വഹിക്കാനിടയാകട്ടെ. അങ്ങിനെ ഇപ്പോൾ പിന്നോക്കമായിരിക്കുന്ന ഭാരതവും ഏഷ്യയും മുഴുവനും അതിവിദൂരമല്ലാത്ത ഭാവിൽ ക്രിസ്തുമാർഗ്ഗത്തെ പ്രാപിക്കുമാറാകട്ടെ.

---

## 'സ്ക്കാല സാംക്ത' അഥവാ

# വിശുദ്ധ കോവണി.

(റവ. എൽ. ജെ. ചിറവർ.)

തിരുനഗരത്തിലെത്തുന്ന തീർത്ഥയാത്രക്കാർ സന്ദർശിക്കുന്ന പ്രധാന സ്ഥലങ്ങളിലൊന്നാണ് 'സ്കാലസാംക്ത' ഇതു് ലാററൻ ബസിലിക്കായോട് വളരെ അടുത്തു സ്ഥിതിചെയ്യുന്നു. പൗരാണികകാലങ്ങളിൽ 'പാത്രിയക്കിയോ' എന്നപേരിൽ അറിയപ്പെട്ടിരുന്ന മാർപ്പാപ്പായുടെ അരമനയോട് ഇതു സംഘടിപ്പിക്കപ്പെട്ടിരുന്നു. പാപ്പാമാരുടെ അവിഞ്ഞോൺ വാസാനന്തരം സിക്സ്ററസ് അഞ്ചാമൻ വേറെ ഒരരമന പണിയിക്കയും അതിനാൽ ഇതു് വേറൊരു കെട്ടിടമായി തീരുകയും ചെയ്തു. ഇതിൻെറ പ്രാധാന്യം അന്യാദൃശ്യം തന്നെ. ഭക്തക്രിസ്ത്യാനികളും ചരിത്രപഠിതാക്കളും, കലാവിദഗ്ദ്ധന്മാരും ഒരുപോലെ ഇവിടേയ്ക്കാകർഷിക്കപ്പെടുന്നു. ഇതിൻെറ നാമഹേതുവായ വി. കോവണി, വിശുദ്ധങ്ങളിൽ വിശുദ്ധമെന്നു വിളിക്കപ്പെട്ടന്ന ഒരു കപ്പേള, മനുഷ്യകരനിർമ്മിതമല്ലെന്നു വിശ്വസിക്കപ്പെട്ടുപോരുന്ന ദിവ്യരക്ഷകൻെറ ഒരു രൂപം, ഇവയാ

ണ് പ്രധാനമായി സന്ദർശകരുടെ ദൃഷ്ടിയിൽ പെടുന്നത്.

ഈ കെട്ടിടത്തിനകത്തു പ്രവേശിക്കുന്ന ഒരുവൻ, രണ്ടുവശത്തും ദിവ്യരക്ഷകന്റെ ഓരോ പ്രതിമകളും മദ്ധ്യേ ഒരു ഗോവണിയും ദർശിക്കുന്നു. ഒരുവശത്ത് യൂദാസ് ഗുരുവിനെ ചുംബനത്താൽ ഒററിക്കൊടുക്കുന്നു; മറേറവശത്ത് പീലാത്തോസ് 'ഇതാ മാനുഷൻ' എന്നു പറഞ്ഞ് രക്ഷകനെ പൊതുജനങ്ങൾക്ക് കാണിക്കുന്നു. അത്യദുഃഖവെള്ളിയാഴ്ച കർത്താവിനെ മരണശിക്ഷയ്ക്കു വിധിച്ച സ്ഥലമായ യേറുസലേമിലെ പീലാത്തോസിന്റെ അരമനയിൽനിന്നും കൊണ്ടുവന്നിട്ടുള്ളതാണ് ഈ വി. കോവണി. ദിവ്യ രക്ഷകൻ പല പ്രാവശ്യം കയറുകയും ഇറങ്ങുകയും ചെയ്യുകയാൽ, അവിടത്തെ തിരുപ്പാദസ്പർശനത്താലും, തിരുരക്തസേചനത്താലും, ഇതു പരിശുദ്ധവും വന്ദ്യവും ആയി തീർന്നു. കോൺസ്റ്റന്റയിൻ ചക്രവർത്തിയുടെ അമ്മയായ വി. ഹേലന്നാ രാജ്ഞി റോമിലേക്കയച്ച കഷ്ടാനുഭവസ്മാരകങ്ങളിൽ ഈ കോവണിയും ഉൾപ്പെട്ടിരുന്നു. രാജ്ഞിയുടെ അഭിലാഷാനുസരണം ഇതു ലാററനിൽ സ്ഥാപിക്കപ്പെട്ടു. വി. കോവണി ഇപ്പോൾ കാണുന്ന രീതിയിൽ വച്ചത് അഞ്ചാമത്തെ പീയൂസ് മാർപ്പാപ്പായത്രെ. ഇതിന് ആകെ ഇരുപത്തെട്ടു പടികളാണുള്ളത്. ഓരോന്നിന്റെയും മുകൾഭാഗം പലകകൊണ്ടു മൂടിയിരിക്കുന്നു. തിരുരക്തത്തുള്ളികൾ വീണ സ്ഥലത്തുമാത്രം മുകളിൽ കണ്ണാടിയിട്ടിരിക്കുന്നു.

സന്ദർശകർ മുട്ടിന്മേൽ നീന്തിയാണ് ഈ കോവണികയറുന്നത്. പലകകൾ തേഞ്ഞു പകുതിയായിരിക്കുന്നതിൽനിന്ന് എത്ര ആയിരം ജനങ്ങളാണ് ഈ കോവണികയറിയിട്ടുള്ളതെന്നു ഏകദേശമായി ഊഹിക്കാം. കയറുന്നവർ, രക്തത്തുള്ളികൾ പതിച്ച സ്ഥലങ്ങളിൽ അധരംചേർത്ത് ചുംബിക്കയും, പാപവിമോചനവും ദൈവസ്നേഹവും അർത്ഥിക്കയും ചെയ്യുന്നു. മഹാനായ വി. ഗ്രീഗോരിയോസ്, 3-ാം പെലാജിയസ്, 1-ാം സെർജിയസ്, 3-ാം സ്റ്റീഫൻ ഈ മാർപ്പാപ്പാമാർ അതിഭക്തിയോടെ ഈ കോവണി കയറുകയും മുകളിലുള്ള കപ്പേളയിൽ വിലയേറിയ തിരുശേഷിപ്പുകൾ നിക്ഷേപിക്കയും ചെയ്തതായി ചരിത്രം ഉൽഘോഷിക്കുന്നു. മൂന്നാമത്തെ ലേയോൻ പാപ്പാ നമ്മുടെ കർത്താവിന്റെ പീഡാനുഭവങ്ങളെപ്പററി ധ്യാനിക്കുന്നതിന് ഈ തിരുസ്ഥലം ഉപയോഗിച്ചു വന്നു. ലേയോനാലാമൻ കണ്ണുനീർ ചൊരിഞ്ഞുകൊണ്ടും ഗ്രീഗോരിയോസ് ഏഴാമൻ കവിഴ്ന്നു വീണ് ഓരോ പടിയും ചുംബിച്ചുംകൊണ്ടും മുട്ടിന്മേൽ നീന്തി ഈ കോവണി കയറി. 1870 ൽ ഒൻപതാം പീയൂസ് മാർപ്പാപ്പാ തടവുകാരനാകുന്നതിനു മുൻപ് ഈ കോവണി കയറിയെന്നതും പ്രസ്താവ്യമത്രെ.

ഇതിന്റെ മുകളിലെത്തിക്കഴിയുമ്പോൾ നേരെമുൻവശത്തായി കാണുന്നതു 'വിശുദ്ധങ്ങളിൽ വിശുദ്ധ' എന്ന കപ്പേളയാണ്. പഴയ ലാററൻ അരമനയുടെ ഈ ഒരു ഭാഗം മാത്രമേ ശേഷിച്ചിട്ടുള്ളു. ഇതിനെ സംബന്ധിച്ചുള്ള സ്മരണകളുടെ മഹനീയതയിലും ഇതിൽ സൂക്ഷിക്കപ്പെട്ടു വരുന്ന വിശുദ്ധ വസ്തുക്കളുടെ– ക്രിസ്തുമതത്തിന്റെ ആദ്യശതകങ്ങളിലെ സ്മാരകങ്ങളുടെ– മാഹാത്മ്യം കൊണ്ടും ഈ സ്ഥലം വിശുദ്ധങ്ങളിൽ വിശുദ്ധമെന്നപേരിനെ സാർത്ഥമാക്കുന്നു. ഇതു് മാർപ്പാപ്പാമാരുടെ രഹസ്യകപ്പേളയായിരുന്നു. വി. ലോറൻസിന്റെ നാമത്തിലുള്ള അൾത്താരആദ്യമായുപയോഗിച്ചത് വിശുദ്ധനായസിൽവസ്റ്റർ പാപ്പായാണ്. മദ്ധ്യശതകങ്ങളിൽ മാർപ്പാപ്പാമാർ ഇവിടെ രഹസ്യമായും പരസ്യമായും ദിവ്യബലിയർപ്പിച്ചു വന്നു. പ. പിതാവുമാത്രം പൂജയണക്കുന്ന ഒരു പേപ്പൽഅൾത്താരയായി ഇതു് ഇന്നും സ്ഥിതിചെയ്യുന്നു.

ഈ കപ്പേളയിലാണ് ദിവ്യരക്ഷകന്റെ വിശിഷ്ടവും വന്ദ്യവും ആയ രൂപം ഇരിക്കുന്നത്. ഈ രൂപം ദൈവശക്ത്യാ പൂർത്തിയാക്കപ്പെട്ടതാണെന്നു പരമ്പരയാ വിശ്വസിച്ചുപോരുന്നു. കോൺസ്റ്റന്റിനോപ്പോളിൽ നിന്ന് മതപീഡനകാലത്ത് റോമിലേക്കു കൊണ്ടുവന്ന ഈ രൂപം വളരെ പ്രാചീനത ഉള്ളതാ

ണ്. മൂന്നാമത്തെ ഇന്നസൻറ് പാപ്പാ ഇതു വെള്ളിത്തകിടുകൊണ്ടു് മൂടി. അതിനാൽ ഇപ്പോൾ മുഖവും പാദങ്ങളുമേ കാണാൻ സാധിക്കു. ആണ്ടിൽ മൂന്നുപ്രാവശ്യം മാത്രം, ലാററൻബസിലിക്കായിൽ നിന്നു് 'കാനന്മാർ' വന്നു് ഇതു് അനാഛാദനം ചെയ്യുന്നു. ഈ ഭക്തിസംബദ്ധങ്ങളായ വിശുദ്ധവസ്തുക്കൾ കണ്ടശേഷം സന്ദർശകർ, രണ്ടുവശവുമുള്ള കോവണിവഴി താഴേക്കിറങ്ങുന്നു.

---

## അനന്ത നിക്ഷേപമായ

# വിശുദ്ധ കുർബാന.

(ഫാദർ. ജോസഫ് കൊട്ടപ്പുന.)



ഒരു ഗൃഹനായകൻ ഈലോക വാസത്തിൻെറ അന്ത്യം സമീപിച്ചു, ബന്ധുമിത്രാദികളേയും ഭാര്യാ പുത്രന്മാരെയും വേർപെടാറായി എന്നു ഗ്രഹിക്കുമ്പോഴേക്കും ഐഹികമായ പ്രേമത്തിൻെറ അവസാനാധിക്യത്തോടുകൂടി, തൻെറ പ്രേമഭാജനങ്ങളായ ഭാര്യാപുത്രന്മാരെ നേരിയ വികാരങ്ങളോടുകൂടി, ഗൽഗദസ്വരത്തോടുകൂടി, മരണശയ്യയുടെ അരികത്തേക്കു ചഞ്ചലചിത്തനായി വിളിക്കുന്നു. അവരെ അവസാനമായി ആലിംഗനം ചെയ്തു, അന്ത്യമായി ശേഷിച്ചിരിക്കുന്ന വചനങ്ങളാൽ, വിറയ്ക്കുന്ന ചുണ്ടുകളോടുകൂടി ഇടർച്ചയുള്ള മൊഴികളോടുകൂടി കണ്ണുനീർ നിറഞ്ഞ മിഴികളോടുകൂടി, ഇപ്രകാരം പറയുന്നു. "അല്ലയോ എൻെറ സ്നേഹഭാജനങ്ങളെ! ഞാൻ ഇനിമേൽ നിങ്ങളോടു കൂടിയിരിക്കുന്നതിനല്ല ദൈവതിരുമനസ്സ്; എൻെറ ശക്തി ക്ഷയിച്ചിരിക്കുന്നു; എൻെറ വാക്കുകളുടെ സ്വരം നശിച്ചിരിക്കുന്നു. അന്ത്യനേരത്തിൽ എൻെറ ഹൃദയത്തിൽ തിങ്ങിവിങ്ങുന്നസ്നേഹവികാരങ്ങളെ വെളിപ്പെടുത്തുന്നതിനു് എനിക്കു ശേഷിയില്ലാതെയുമായിരിക്കുന്നു. ആകയാൽ ഇഹത്തിൽ വിലമതിക്കത്തക്കതായുള്ള സർവ്വസ്വത്തുക്കളേയും നിങ്ങൾക്കു ഞാൻ കടശിയായി നൽകിക്കൊള്ളുന്നു." ഇപ്രകാരം പറഞ്ഞുകൊണ്ടു മരണനിദ്രയിൽ മന്ദം മയങ്ങി നിത്യം ലയിക്കയും ചെയ്യുന്നു.

ഈ വിധ വിവിധ വികാരങ്ങളെ അധികരിക്കുന്ന പരമ സ്നേഹാതിരേകത്തോടുകൂടി സർവ്വനിക്ഷേപങ്ങളുടേയും നിക്ഷേപമാകുന്ന വിശുദ്ധകുർബാനയാൽ സർവ്വത്തിൻേറയും ഉടയവനായ തന്നെത്തന്നെ തൻെറ ശിഷ്യർക്കു നൽകിക്കൊണ്ടാണു തൻെറ പരിതാപകരമായ പരമദുരിതപീഡകൾക്കു മിശിഹാ തയാറാകുന്നതു്. പെലിക്കൻ പക്ഷി മരണസമയം സമീപിക്കുമ്പോൾ അതിൻെറ നെഞ്ചുകൊത്തിപ്പിളന്നു ചങ്കുകൊത്തി എടുത്തു അതിൻെറ കുഞ്ഞുങ്ങൾക്കു തീററയായി നൽകികൊണ്ടത്രെ ചാകുന്നതു്. എന്നാൽ നമ്മുടെ ദിവ്യരക്ഷകൻ സ്വന്തം ചങ്കിനേയോ ഹൃദയത്തേയോ മാത്രമല്ല, തൻെറ സ്നേഹസുതരായ നമുക്കു തരുന്നതു്; പിന്നെയോ തന്നെത്തന്നെ സമ്പൂർണ്ണമായി സജീവമായി നമ്മുടെ ആത്മിക പോഷണത്തിനു നൽകിക്കൊണ്ടാണു് അരിയ കുരിശുമരണത്തിനു അവിടുന്നൊരുങ്ങുന്നതു്. നിത്യജീവൻ നൽകുന്ന ദിവ്യാമൃതമായ വിശുദ്ധകുർബാനവഴിയായി നിത്യജീവനാകുന്ന തന്നെത്തന്നെ നമുക്കു നിത്യമായി നൽ

കിയശേഷം മിശിഹാ ക്രൂശിൽ വെച്ചു തന്റെ ജീവനെ കയ്യളിച്ചു.

ഒരു സ്നേഹപിതാവു് തന്റെ വാത്സല്യസുതന്മാൎക്കു പ്രേമസൂചകമായി മരണവേൎപാടിന്റെ അവസരത്തിലെന്നപോലെ വേറൊരിക്കലും വിലയേറിയ ദാനങ്ങൾ നൽകുന്നില്ല. കൃതജ്ഞതയും സ്നേഹവും ഉദാരമായി പ്രദൎശിപ്പിക്കുന്നതിനു മരണസമയത്തേതുപോലെ സമുചിതമായ മറ്റൊരു സന്ദൎഭവുമില്ല. ഫ്രാൻസുരാജ്യത്തെ ഒരുകാലത്തു പ്രതാപപൂൎവ്വം ഭരിച്ചിരുന്ന ഒരു നൃപവരൻ, ലോകചക്രത്തിരിച്ചിലിന്റെ ഗതിവിശേഷത്താൽ രാജ്യം അപഹരിക്കപ്പെട്ടശേഷം നാടുകടത്തപ്പെട്ടു. "സുഖത്തിലുണ്ടാം സഖിമാരനേകം- ദുഃഖംവരുമ്പോൾ പുനരാരുമില്ല" എന്ന സമ്പ്രദായമനുസരിച്ചു സപരിവാരസമൂഹത്താൽ മാത്രം ഗതാഗതം ചെയ്തിരുന്ന ഒരു രാജൻ ഏകനായി നിരാധാരനായി അലഞ്ഞുതിരിവാനാണു് കൎമ്മമുണ്ടായതു്. എങ്കിലും ഒരു സേവകൻ മാത്രം സുഖത്തിലും ദുഃഖത്തിലും, സ്വന്തം സുഖാസുഖങ്ങളെ വകവെയ്ക്കാതെ തന്റെ യജമാനനു വേണ്ട പരിചരണത്തിനായി സഹചരിച്ചുപോന്നു. ഒടുവിൽ ഈ കഷ്ടകാലത്തിന്റെ അന്തിമഘട്ടം സമീപിച്ചു. ഒരു കൊട്ടാരത്തിൽ മൃദുമെത്തമേൽ കിടന്നു അക്ഷമരായ അനേകരാലാവരണം ചെയ്യപ്പെട്ടു നേരിയ പരിചരണത്തെ സ്വീകരിക്കുവാനുള്ള രാജൻ രണ്ടോ മൂന്നോ പേരുടെ ഇടയിൽ അസുഖമായ ഒരു മരണശയ്യയിൽ ശയിക്കുന്നു. ഇതാ! അന്ത്യം സമീപിച്ചു; കണ്ണുയൎത്തി സ്വന്തം നിഴൽകണക്കെ തന്നെ അനുഗമിച്ചുപചരിച്ചിരുന്ന സേവകനെ നോക്കി, ചിന്താമഗ്നനായിരുന്ന ശേഷം സ്വന്തം തലമുടി, ശേഷിച്ചിരിക്കുന്ന ശക്തിയോടുകൂടി തലയിൽ നിന്നും പിഴുതെടുത്തു നീട്ടിക്കൊണ്ടു്.

"അല്ലയോ എന്റെ വാത്സല്യസേവകാ! ഇനി ശേഷിച്ചിട്ടുള്ളതിലേക്കും വിലയുള്ളതു് ഇതുമാത്രമാണു്: എന്റെ പ്രേമസൂചകമായി ഇതിനെ സദയം സ്വീകരിക്ക." എന്നുച്ചരിച്ചു മരിച്ചു.

ഇതാ! ഈ രാജനെപ്പോലെ, രാജാധിരാജനായ നമ്മുടെ രക്ഷകനും, അതിലുമുന്നതമായി യാതൊന്നും നൽകപ്പെടാവതല്ലാത്തവിധം, അനന്തനിക്ഷേപമാകുന്ന വിശുദ്ധ കുദാശയത്രെ മരണാസന്നാവസ്ഥയിൽ നൽകിയിരിക്കുന്നതു്. അദ്വിതീയ സഭാപിതാവായ വിശുദ്ധ അഗസ്റ്റീനോസ്, ഈ അമൂല്യദാനത്തെ പൎയ്യാലോചിച്ചുകൊണ്ടു് ഒരു ദൈവപുത്രൻ ഈ വിസ്മയദാനത്താൽ സ്വയം വ്യയംചെയ്തുപോയി എന്നു സമൎത്ഥിക്കുന്നു. വേദപുസ്തകത്തിൽ പറയപ്പെടുന്നപോലെ ആകാശത്തിലോ ഭൂമിയിലോ, കടലിലോ അതിന്റെ ആഴങ്ങളിലോ എന്തു ചെയ്വാനും സൎവ്വശക്തിയുള്ളവൻ; നൂറായിരം ലോകങ്ങളെപ്പോലും പൂൎവ്വോപരി മനോഹരതയോടെ സൃഷ്ടിക്കുവാൻ വൈഭവമുള്ളവൻ; ഈ അമൂല്യനിക്ഷേപത്തേക്കാൾ കൂടുതലായ ഒരുന്നത ദാനത്തെ നൽകാൻ അശക്തനായി. വി. ലിഗോരി പ്രസ്താവിക്കുന്നതുപോലെ വിശുദ്ധ സ്ഥലങ്ങളിലെ സ്വല്പം മണ്ണോ തിരുശേഷിപ്പുകളോ എത്രമാത്രം ജനങ്ങൾ വിലമതിക്കാറുണ്ടു്. എന്നാൽ ഈ വിശുദ്ധ കുദാശയേക്കാൾ വിലമതിക്കത്തക്കതായുള്ളതു ലോകത്തിലെന്തു്? വിശുദ്ധ കുർബാന അത്രമേൽ ഉത്തമമായ അനന്ത നിക്ഷേപമാകുന്നു.

# വി. ക്രിസ്റ്റോഫർ.

## യാത്രക്കാരുടെ പ്രത്യേക മദ്ധ്യസ്ഥൻ.

(കെ. പി.)

വിമാനാപകടം, കപ്പൽ നാശം തീവണ്ടിയപകടം, മോട്ടോറപകടം എന്നുവേണ്ട സകലവിധ അപകടങ്ങളേയുംപററി നാം ദിവസംതോറും വളരെയധികം കേൾക്കുന്നു. വാഹനങ്ങളുടെ നിയന്ത്രണത്തെ ക്രമീകരിക്കുന്നതിനുള്ള ഏർപ്പാടുകൾ ഇപ്പോൾ നടപ്പിൽ വരുത്തുവാൻ എല്ലാവരും ശ്രമിക്കുന്നുണ്ട്. എങ്കിലും ഈവിധ അപകടങ്ങൾ ദൈനംദിനം വർദ്ധിച്ചുകൊണ്ടാണിരിക്കുന്നത്. ഈ അപത്തിൽനിന്നു രക്ഷപെടുന്നതിനും യാത്രകൾ സുഖകരമായവിധത്തിൽ കഴിക്കുന്നതിനും എല്ലാവരേയും സഹായിക്കുന്ന ഒരു മാർഗ്ഗത്തെ ചൂണ്ടികാണിക്കുവാനാണ് ഇവിടെ ഉദ്യമിക്കുന്നതു.

മൂന്നാം ശതാബ്ദത്തിൽ വിഗ്രഹാരാധനക്കാരനായ അറേബ്യായിലെ ഒരു രാജാവിനു് പരിശുദ്ധ കന്യകയോടുള്ള തൻെറ ഭാൎയ്യയുടെ പ്രാൎത്ഥനാഫലമായി ഒരു കുട്ടി ജനിച്ചു. ആ കുട്ടിയുടെ പേർ ഓഫെരുസ് എന്നായിരുന്നു. ഈ കുട്ടി വളൎന്നു വന്നപ്പോൾ ഒരു രാക്ഷസനേപ്പോലെ പൊക്കവും ഗോലിയാത്തിനേപ്പോലെ ശക്തിയും ഉള്ളവനായിത്തീൎന്നു. ഓഫെരുസിനു് തൻെറ ശക്തിയിൽ വളരെ അഭിമാനമുണ്ടായിരുന്നു. അതിനാൽ അയാൾ ലോകത്തിലേക്കും ഏററം വലിയ രാജാവിനു മാത്രമേ ശുശ്രൂഷ ചെയ്യുകയുള്ളുവെന്നു് ശപഥം ചെയ്തു. അനന്തരം തൻെറ അഭീഷ്ടസാദ്ധ്യത്തിനായി ലോകം മുഴവനും ചുററിത്തിരിയുവാൻ തുടങ്ങി. പല മാസങ്ങൾ യാത്ര ചെയ്തശേഷം വലിയ കീൎത്തിമാനായ ഒരു രാജാവിൻെറ കൊട്ടാരത്തിൽ ചെന്നുചേൎന്നു അവിടെ ശുശ്രൂഷയും തുടങ്ങി. പക്ഷേ പിശാചിനോടു ഭയമായിരുന്ന ആ രാജാവു് പിശാചിനെ സേവിച്ചിരുന്നു. അതിനാൽ ഓഫെരുസും പിശാചിനു സേവ ചെയ്യാൻ തുടങ്ങി. എന്നാൽ പിശാചിനു് കുരിശിനോട്ടു് ഭയമായിരുന്നതിനാൽ കുരിശിൻെറ ശക്തി എന്താണെന്നറിയുവാൻ ഓഫെരുസ് ഒരുമ്പെട്ടു. ഒരിക്കൽ യാദൃശ്ചികമായി കണ്ടുമുട്ടിയ ബാബിലാസ എന്ന ഒരു സന്യാസിയിൽനിന്നു മ്ശിഹായുടെജീവിതത്തേയും, മരണത്തേയും, ഉയിൎപ്പിനേയുംകുറിച്ച് അറിയുന്നതിനു് ഓഫെരുസിനു ഇടയായി. അപ്പോൾ ക്രിസ്തുവിനേ ശുശ്രൂഷിപ്പാൻ താൻ സന്നദ്ധനാണെന്നുള്ള സംഗതി സന്യാസിയേ അറിയിച്ചു. ബാബിലാസ് ഓഫെരുസിനോടു തപസ്സുചെയ്യുവാൻ ഉപദേശിച്ചതിൽ "എൻെറ ശക്തി പൊയ്പ്പോകുമല്ലോ, എനിക്കു എൻെറ മുഴുശക്തി പ്രയോഗിച്ചുകൊണ്ടാണ് അദ്ദേഹത്തേ സേവിക്കേണ്ടതു്" എന്നായിരുന്നു മറുപടി. അപ്പോൾ ആ സന്യാസി "എന്നാൽ നീ പ്രാൎത്ഥിക്കണം" എന്നു പറഞ്ഞു.

"പക്ഷെ അതുപോരാ; എനിക്കു അദ്ദേഹത്തിനുവേണ്ടി ബുദ്ധിമുട്ടണം, അദ്ദേഹത്തിനുവേണ്ടി ജീവിക്കണം, പോരാ, അദ്ദേഹത്തിനുവേണ്ടി മരിക്കതന്നെ വേണം" എന്നു് ഓഫെരുസ് ഉത്തരിച്ചു. കുറേനേരത്തെ ദീൎഘാലോചനയുടെ ശേഷം ബാബിലാസ് ഇപ്രകാരം പറഞ്ഞു. 'നീ ക്രിസ്തുവിൻെറ ജനങ്ങളേ സഹായിക്കണം. അതിനു പല വഴികളുള്ളതിൽ ഒന്നാണ് ഞാൻ പറയുവാൻ പോകുന്നതു്. ഇവിടെ അടുക്കലായി ഒരു നദി ഉണ്ടു്. എന്നാൽ അതു കടക്കുന്നതിനു പാലമോ തോണിയോ ഇല്ല. പരിശുദ്ധ സ്ഥലങ്ങൾ സന്ദൎശിക്കുവാൻ പോകുന്ന തീൎത്ഥയാത്രക്കാൎക്ക് അ

ത്തു കടക്കുകയും വേണം. അതിനാൽ നീ അവരെ ചുമന്നു് അക്കര കടത്തണം.'

ഓഫെത്രൂസ് സന്തോഷസമേതം ആ ജോലിയിൽ പ്രവേശിച്ചു. നദിക്കു സമീപം ഒരു കുടിൽ കെട്ടിയുണ്ടാക്കി, അതിൽ വാസം തുടങ്ങി. പകലോ രാത്രിയോ, ഏതു സമയവും, ജനങ്ങളേ ആറു കടത്തുന്നതിൽ ഇയാൾ ബദ്ധശ്രദ്ധനായിരുന്നു. ഇദ്ദേഹത്തിൻെറ ക്ഷമ ഒരിക്കലെങ്കിലും കുറയുകയോ, ക്രിസ്തുവിനോടുള്ള സ്നേഹം തണുക്കുകയോ ഉണ്ടായിട്ടില്ല. പലപ്പോഴും, താൻ ശുശ്രൂഷിച്ചിരുന്ന മിശിഹാ രാജാവിനേ ഒന്നു ദൎശിപ്പാൻ ഭാഗ്യം കിട്ടണമെന്നു ആഗ്രഹിച്ചിരുന്നു.

മഴയും കാററും വലുതായുണ്ടായിരുന്ന ഒരു രാത്രിയിൽ ഓഫെത്രൂസ് ഉറങ്ങുവാൻ ആരംഭിച്ചപ്പോൾ, കോമളഗാത്രനായ ഒരു കുട്ടി അവിടെവന്നു, തന്നെ നദി കടത്തണമെന്നു ആവശ്യപ്പെട്ടു. ഓഫെത്രൂസ് ഉടൻ കുട്ടിയേയും വഹിച്ചുകൊണ്ടു നദിയിലേക്കിറങ്ങി. ഒഴുക്കിൻെറ ശക്തിയാൽ അയാൾ ക്ഷീണിച്ചു വശായി. കൂടാതേയും കുട്ടിയുടെ ഘനവും വൎദ്ധിക്കുവാൻ തുടങ്ങി. 'ക്രിസ്തു രാജാവെ എന്നെ രക്ഷിക്കണമെ!' എന്നയാൾ പ്രാൎത്ഥിച്ചു. അയാൾ മറുകരെ വേഗം ചെന്നെത്തി. 'എൻെറ കുഞ്ഞേ നീ ആരാണ്? ലോകംമുഴുവനും ചുമന്നാലും നിന്നോളം ഘനം എനിക്കു തോന്നുകയില്ലല്ലൊ' എന്നുഓഫെത്രൂസ് പറഞ്ഞു. മറുപടിയായി, "ഈ ലോകത്തെ സൃഷ്ടിച്ചവനും, നീ സേവിക്കുന്നവനുമായ ക്രിസ്തുരാജനാണു് ഞാൻ. എന്നെ നീ വഹിച്ചതിനാൽ മേലാൽ ക്രിസ്തുവിനെ ചുമന്നവൻ എന്നൎത്ഥമുള്ള 'ക്രീസ്റ്റോഫെർ' എന്നു നീ വിളിക്കപ്പെടും" എന്നു പറഞ്ഞു് മിശിഹാ അന്തർധാനം ചെയ്തു. മിശിഹാ ഓഫെത്രൂസിൻെറ വിശ്വാസത്തെ ദൃഢീകരിക്കുന്നതിനായി ഒരു അത്ഭുതം ചെയ്വാൻ തിരുമനസ്സായി. ഓഫെത്രൂസ് അവിടെനാട്ടിയിരുന്ന ഒരു വടി പിറേറ ദിവസത്തേക്കു കുസുമങ്ങളാൽനിബിഡീകൃതമായ ഒരുവൃക്ഷമായി പരിണമിച്ചു. ഈഅത്ഭുതംകണ്ട അനേകർ മനസ്സുതിരിഞ്ഞു് മിശിഹായെ അനുസരിക്കുവാൻ തുടങ്ങി. എന്നാൽ ഡാഞ്ഞൂസ് എന്ന അവിടത്തേ അജ്ഞാനിയായ രാജാവു് ഇദ്ദേഹത്തേ പിടിക്കുവാനായി കുറേ പട്ടാളക്കാരെ അയച്ചു. 'ക്രീസ്റ്റോഫർ' പടയാളികളെ തനിക്കു് തോല്പിക്കാമായിരുന്നിട്ടും, സസന്തോഷം അവരോടുകൂടി രാജസന്നിധിയിലേക്കു പോയി. ഡാഞ്ഞൂസിൻെറ കല്പനപ്രകാരം അദ്ദേഹത്തേ അവർ അമ്പുകളാൽ എയ്യുവാൻ തുടങ്ങി. പക്ഷേ അവ ഒന്നും അദ്ദേഹത്തെ തൊട്ടില്ലെന്നു മാത്രമല്ലാ ഒരു അസ്ത്രം തിരിഞ്ഞുചെന്നു് രാജാവിൻെറ നേത്രങ്ങളിൽ കുത്തിക്കയറി. രാജാവു് കോപിച്ചു് അദ്ദേഹത്തിൻെറ കഴുത്തു വെട്ടുവാൻ കല്പന കൊടുത്തു. "എൻെറ രക്തം എടുത്തു് നിൻെറ കണ്ണിൽ പൂശുക; ദൈവത്തിൻെറ നാമത്തിൽ നീ സുഖപ്പെടും" എന്നു പറഞ്ഞുകൊണ്ടു് ക്രീസ്റ്റോഫർ ഘാതകൻെറ വാളിനു് തന്നെ സമൎപ്പിച്ചു. രാജാവു് അപ്രകാരം ചെയ്തു. അയാൾ തൽക്ഷണം സ്വസ്ഥനായി. ഇതിനാൽ ഡാഞ്ഞൂസും അനവധി ജനങ്ങളും ക്രിസ്തുമതാവലംബികളായി.

ക്രിസ്റ്റോഫറിനെ ഒരു രക്തസാക്ഷിയായിട്ടു നാം വണങ്ങുന്നു. യാത്രക്കാരുടെ ഒരു പ്രത്യേക മാദ്ധ്യസ്ഥനായ ഈ വിശുദ്ധൻെറ മാദ്ധ്യസ്ഥം വളരെ ഫലസിദ്ധിയുള്ളതായിട്ടാണു് കാണപ്പെടുന്നതു്. യൂറോപ്പിൽ പലേ രാജ്യങ്ങളിലും, അമേരിക്കയിലും എല്ലാ വാഹനങ്ങളിലും ഈ വിശുദ്ധൻെറ ഒരു പ്രതിമ ഉണ്ടായിരിക്കുവാൻ എവരും താല്പൎയ്യപ്പെടുന്നതായി കണ്ടുവരുന്നു. ഇടി, മിന്നൽ, കൊടുംകാററു്, അപസ്മാരരോഗം, മഹാമാരികൾ മുതലായവയിൽനിന്നു രക്ഷപെടുവാൻകൂടി ഇദ്ദേഹത്തോടു് ജനങ്ങൾ പ്രാൎത്ഥിച്ചുവരുന്നു.

ആകയാൽ നമുക്കും ഒന്നു് പരീക്ഷിച്ചു നോക്കാം. മോട്ടോറപകടങ്ങളും മററും വൎദ്ധിച്ചിരിക്കുന്ന ഇക്കാലത്തു് യാത്രക്കാരുടെ പ്രത്യേക മദ്ധ്യസ്ഥനായിരിക്കുന്ന ഈ വിശുദ്ധനെ നമുക്കും അഭയം പ്രാപിക്കാം.

# വനിതാവിനയം.

ഭരണനൈപുണ്ണിയാൽ അകത്തോലിക്കാ ലോകത്തിൻെറപോലും സീമാതീതബഹുമാനങ്ങളെ സമാർജ്ജിച്ച് ലാലസിക്കുന്ന പതിനൊന്നാം പീയൂസ്മാർപ്പാപ്പായുടെ ദൃഷ്ടി കുറേനാളായി വനിതാലോകത്തിലെ അനാശാസ്യ നടപടികളെ ദൂരീകരിക്കുന്നതിന് വേണ്ടിപതിയുന്നുണ്ടെന്നുള്ളത് ആർക്കാണ് അഭിമാനകരമാകാതിരിക്കുന്നത്. സാക്ഷാൽ ലോകൈകപിതാവായ മാർപ്പാപ്പാ തൻെറ അരുമസന്താനങ്ങളുടെ സാന്മാർഗ്ഗിക നടപടികളിൽ പ്രത്യേകം ശ്രദ്ധപതിക്കുന്നതിലാശ്ചര്യമില്ലതന്നെ.

വനിതാലോകത്തിൽ കുറേനാളായി അർത്ഥമില്ലാത്ത പരിഷ്കാരഭ്രാന്തു കടന്നുകൂടിയിരിക്കുന്നു എന്നുള്ള വാസ്തവം അവധാനപൂർവ്വം ചിന്തിക്കുന്നപക്ഷം മനസ്സിലാക്കാൻ വിഷമമില്ല. വസ്ത്രധാരണത്തിൽ സ്ത്രീകളുടെ 'ഫാഷൻ' നോട്ടം സ്ത്രീലോകത്തിനു് ഒരു വലിയ കളങ്കം തന്നെയായിത്തീർന്നിരിക്കുന്നു. ഉൽകർഷവാഞ്ഛ മനുഷ്യർക്കു വേണ്ടതുതന്നെ, അതിനു സ്ത്രീപുരുഷഭേദവുമില്ല. എന്നാലിപ്പോൾ അതു സ്ത്രീകളുടെ ചട്ടയേലാണ് കടന്നുകൂടിയിരിക്കുന്നതു. ഏതാണ്ട കൈപ്പത്തിവരെയുണ്ടായിരുന്ന ചട്ടക്കൈകൾ ഉന്നമനാർത്ഥം കൈമുട്ടുവരെയും മുട്ടിനുമേലും ആയിതീർന്നിരിക്കുന്നു. ഹാ! എന്തു അർത്ഥമില്ലാത്ത അനുകരണഭ്രമം!! കൊട്ടാരം മുതൽ കുടിൽവരെ എത്രയും ചുരുങ്ങിയ കാലത്തിന്നിടയിൽ ഈ പരിഷ്കാരച്ചട്ട ഒരുവിധം പ്രചരിച്ചു കഴിഞ്ഞു. ബിരുദധാരിണികളും ബോർഡിങ്ങിൽ താമസിച്ചു പഠിക്കുന്നവരുമായ അബലാമണികൾ മുറിച്ചട്ടയണിയുന്നതു കണ്ടാൽ മററുള്ളസ്ത്രീകൾ സഹിച്ചിരിക്കുമോ? പഠിപ്പുള്ളവരെ അനുകരിക്കണമെന്നുള്ള ഭ്രമത്താൽ വലിച്ചുകീറിയെങ്കിലും പഴയ ചട്ടക്കൈകളുടെയും കുറച്ചു മുട്ടവരെയാക്കാതിരിക്കുമോ? വിശേഷബുദ്ധിമുട്ടും ചെലവും കൂടാതെ 'പരിഷ്കാരികൾ' ആയി തീരരുതോ? കൊള്ളാം! അങ്ങേതിലെ എം. എ. കാരത്തികളുടെയാകാമെങ്കിൽ ഇങ്ങേതിലെ പെൺകുട്ടികൾ ഇങ്ങനെയാകാൻ പാടില്ലേ എന്നാണു വാദം.

ഇതിൽ നിന്നു് ഒന്നു മനസ്സിലാക്കേണ്ടതു് വിദ്യാഭ്യാസമുള്ള സ്ത്രീകൾ അടക്കമൊതുക്കമുള്ള വസ്ത്രങ്ങൾ ധരിക്കുന്നതായാൽ അതു് സാധാരണ സ്ത്രീജനങ്ങൾക്കു് ഒരു പാഠമായിരിക്കുമെന്നുള്ളതാണ്. അതാരുഗണിക്കാൻ പോകുന്നു.

ഇത്തവണ ചേർത്തലയിൽ വച്ചു നടന്ന മഹിളാസമ്മേളനത്തിനു് മറെറാരു പേരുകൊടുത്തിരുന്നെങ്കിൽ നന്നായിരുന്നുവെന്നു് ഇതെഴുതുന്നയാളിനോടു് സരസനായ ഒരു മനുഷ്യൻ പറയുകയുണ്ടായി. അതു മറെറാന്നുമല്ല 'മുറിച്ചട്ടസ്സമ്മേളനം' എന്നാണു്. ഏതാണ്ടതുവാസ്തവംതന്നെയായിരുന്നു. അന്നു് കോൺഗ്രസ്സു പന്തലിൽ സ്ഥലം പിടിച്ചിരുന്ന മഹിളാമണികളിൽ എഴുപത്തഞ്ചുശതമാനവും പരിഷ്കാരച്ചട്ടക്കാരായിരുന്നു. ചട്ടക്കൈകൾക്കു് ഉന്നമനം ലബ്ധമായപ്പോൾ ചട്ടക്കഴുത്തിനു്, ഏററത്തിനൊരിറക്കം എന്നോണം, അധോഗതിയായി. അതുമൊരു പരിഷ്കാരമാണുപോൽ. മഹിളാസമ്മേളനത്തിൽ ചട്ടക്കഴുത്തിൻെറ അധോഗതിക്കുള്ള സ്ഥാനവും ഗണനീയമായിരുന്നുവത്രെ. ഇതു എത്രയും ശോചനീയമായ അവസ്ഥയാണെന്നു് ഉൽബോധിപ്പിക്കുകയല്ലാതെ എന്താണ് ചെയ്യുക.

പരിശുദ്ധപിതാവിൻെറ കർശനമായ ആജ്ഞാപനത്തെ ആദരിക്കുന്നതിൽ അബലാമണികൾ അനാസ്ഥകാണിക്കുന്നതു വിഹിതമോ? ഇററലിയിൽ അനുചിതസമ്പ്രദായത്തിൽ വസ്ത്രധാരണം ചെയ്തുവരുന്ന സ്ത്രീകൾക്കു വി. കൂദാശകൾ കൊടുത്തുകൂടാ എന്നു സഭാധികാരികൾ പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ടു്. മാത്രമല്ല ഇത്തരക്കാരെ ദേവാലയാതിർത്തിക്കുള്ളിൽ പ്രവേശിപ്പിക്കുന്നതുമല്ല. അതിനായി അവിടെ ധർമ്മ

ഢമായ തന്റേടത്തോടുകൂടി പള്ളിവാതിൽക്കൽ സ്ത്രീവാളന്റിയറന്മാർ തന്നെ നിന്നുകൊണ്ടു അടക്കമൊതുക്കമില്ലാത്ത വസ്ത്രം ധരിച്ചുകൊണ്ടുവരുന്ന വനിതകളുടെ വദനങ്ങളിൽ കരിതേച്ചുവിട്ടുവത്രേ. ആ നയം ഇവിടെ ആവശ്യമില്ലെങ്കിലും വിദ്യാഭ്യാസമുള്ള സ്ത്രീകളുടെ ഉചിതമായ വസ്ത്രധാരണനയംകൊണ്ടു് മററുള്ളവരുടെ മൌഢ്യങ്ങൾ ദൂരീകരിക്കാവുന്നതാണു്.

പിന്നെ വേറൊരു കാര്യംകൂടെ ഈ അവസരത്തിൽ ചിന്താപഥത്തിൽ വന്നുചേരുന്നു. അതു് സ്ത്രീലോകത്തിലെ ഒരു വികൃതിത്തരത്തെപ്പററിയാണു്. ഇപ്പോൾ പലവനിതകളും, ശരിയായി ശ്വാസോച്ഛ്വാസം ചെയ്യുന്നതിനോ കുനിയുന്നതിനോ കൂടെയും പ്രയാസമാകത്തക്കവണ്ണം, അത്ര ക്രമാതീതമായി ശരീരത്തെ വരിഞ്ഞു മുറുക്കിയുള്ള വസ്ത്രം ധരിച്ചു നടക്കുന്നതു ഒരു വലിയ പരിഷ്കാരമായി കരുതുന്നു. വസ്ത്രധാരണം അടക്കമുള്ളതുതന്നെയായിരിക്കണം. തർക്കമില്ല. എന്നാൽ അടക്കത്തിന്റെ പേരും പറഞ്ഞു യാതൊരർത്ഥവുമില്ലാത്ത അന്തസ്സിനെ പാലിപ്പാൻ ഒന്നുകൂടി പറഞ്ഞാൽ ചെറുപ്പക്കാരാകാൻവേണ്ടി ചെയ്യുന്ന ഈ സാഹസം തങ്ങളുടെ ശരീരത്തോടും പ്രത്യേകം രക്താശയം ശ്വാസകോശം എന്നിവയോടും ചെയ്യുന്ന ഒരു ഭയങ്കരാപരാധമാണു. അതേ, കൊല്ലരുതെന്നുള്ള അഞ്ചാംപ്രമാണത്തെ ഉല്ലംഘിച്ചു ഒരു വിധത്തിൽ തന്നത്താൻ കൊല്ലുകയാണിതിനാൽ ചെയ്യുന്നതു എന്നും ന്യായപൂർവ്വം പറയാം.

മഠത്തിൽ ചേരുന്ന കന്യാമണികൾക്കും വിവാഹാവസ്ഥയിൽ പ്രവേശിക്കുന്നവധൂടികൾക്കും ശരീരം ഒന്നുപോലെ തന്നെ ആവശ്യമാണു് എന്നുള്ളതിൽ അഭിപ്രായവ്യത്യാസമുണ്ടാകുമെന്നു തോന്നുന്നില്ല. നിരർത്ഥകമായ അഭിമാനം പാലിപ്പാൻ അടക്കമെന്ന പേരും പറഞ്ഞു് സ്ത്രീലോകത്തെ 'ക്ഷയിപ്പിപ്പാൻ' സൂത്രത്തിൽ സ്ത്രീകളെ പററിപ്പിടിച്ചിരിക്കുന്ന ഈ വികൃതിത്തരത്തെ വർജ്ജിക്കേണ്ടതാണു്.

അല്ലയോ വനിതാലോകമേ! പരിശുദ്ധനായ പീയൂസ് പതിനൊന്നാമന്റെ പരിശുദ്ധ വചനങ്ങൾ നിങ്ങളുടെ കർണ്ണപുടങ്ങളിൽ മുഴങ്ങട്ടെ. ക്രിസ്തീയസ്ത്രീകളെ കണ്ടുകൊണ്ടു് ഹിന്ദുസ്ത്രീകൾ കൂടെയും ഒരു വിധമെങ്കിലും അടക്കമായ വസ്ത്രധാരണം തുടങ്ങിയിട്ടുള്ള ഇക്കാലത്തു, കത്തോലിക്കാ വനിതകൾ— അതെ, പരി. കന്യകമറിയത്തെ തങ്ങളുടെ മാതൃകയായി സ്വീകരിച്ചിരിക്കുന്നവർ— ഇതരമതസ്ഥരായ വനിതകൾക്കു അടക്കമൊതുക്കത്തിൽ മാതൃകകളായിരിക്കേണ്ടവർ—തങ്ങളെത്തന്നെ അർദ്ധനഗ്നകളാക്കി പ്രദർശിപ്പിക്കുന്നതു എത്ര കഷ്ടതരം! എത്ര ലജ്ജാവഹം! വനിതകളുടെ, പ്രത്യേകം കത്തോലിക്കാവനിതകളുടെ, അലങ്കാരം അർദ്ധനഗ്നവേഷമല്ല, അടക്കവും വിനയവുമാണു. പുരുഷന്മാർ പല മഹൽകാര്യങ്ങളും സാധിക്കുന്നതു ദൈവം അവർക്കു പ്രദാനം ചെയ്തിരിക്കുന്ന ധൈര്യം ശക്തി എന്നിവ വഴിയായിട്ടാണു്. ഈ ഗുണങ്ങളുടെ സ്ഥാനത്തു സ്ത്രീകൾക്കു ദൈവദത്തമായി കിട്ടിയിരിക്കുന്ന വിശേഷഗുണം അടക്കവും വിനയവുമാണു്. ഇവമൂലം അബലകളായ വനിതകളും പല വലിയ കാര്യങ്ങളും ചെയ്യുന്നതായി നാം കാണുന്നു. എന്നാൽ വനിതകളുടെ ഭൂഷണമായ ഈ ഗുണം എന്നു മുതൽ ഒരു വനിതയിൽ ഇല്ലാതായോ കുറഞ്ഞോ വരുന്നുവോ, അന്നുമുതൽ അവൾ ദൈവത്തിന്റെയും മനുഷ്യരുടേയും മുമ്പാകെ പരിഹാസപാത്രമായിത്തീരുകയാണു് ചെയ്യുന്നതു്.

ഇനി ഈ അടക്കത്തിനും വിനയത്തിനുമാകട്ടെ കത്തോലിക്കാസ്ത്രീകൾ ഹിന്ദുക്കളെയും അകത്തോലിക്കരേയുമല്ല മാതൃകയായി സ്വീകരിക്കേണ്ടതെന്നുള്ളതും പ്രത്യേകം ഓർമ്മിക്കണം. അടുത്തകോൺഗ്രസ്സുപന്തലിൽ ഇത്തവണ കണ്ട മാതിരി ഒരു കാഴ്ച കാണാനിടയാകാതിരുന്നെങ്കിൽ നന്നായിരുന്നു. ആകയാൽ സ്ത്രീലോകത്തിനു 'ക്ഷയം' സമ്പാദിച്ചുകൊടുക്കുന്ന 'കൊലച്ചട്ട' ധാരണത്തിലും, 'അവമാനം' വരുത്തിക്കൂട്ടുന്ന 'മുറിച്ചട്ട' ധാരണത്തിലും നമ്മുടെ വനിതകൾ ഒരു 'അനുകമ്പ' പ്രദർശിപ്പിക്കുന്നതായാൽ അത്യഗണ്യമായ ഒരു പുണ്യമായിരിക്കും.

ഇക്കാര്യത്തിൽ കത്തോലിക്കാ ബാലികാവി ദ്യാലയങ്ങളുടെയും ബോർഡിംഗുകളുടെ യും മററു വനിതാസംഘങ്ങളുടെയും അ ധികൃതന്മാർ വേണ്ട ശ്രദ്ധ പതിക്കുന്നതും നന്നായിരിക്കും.

(ന. ദീപിക.

# ൧൯൩൦ മിഥുനമാസത്തിലെ തിരുഹൃദയസഭക്കാരുടെ

# പൊതുനിയോഗം.

## തിരുഹൃദയഭക്തരുടെ വർദ്ധനവു്.

മനുഷ്യരെ അത്യധികമായി സ്നേഹിക്കുന്ന ഹൃദയം കാണുകഎന്നുപറഞ്ഞുകൊണ്ടു ന. കർത്താവു് വി. മർഗ്ഗരീത്താ, മറിയത്തിനു തൻെറ തിരുഹൃദയം കാണിച്ചുകൊടുത്തു. വാസ്തവത്തിൽ ഹൃദയമല്ല ഹൃദയത്തിൻെറ ഉടമസ്ഥനായ ഈശോമിശിഹായാണു് മനുഷ്യരെ അത്യധികമായി സ്നേഹിക്കുന്നതു്. എങ്കിലും, ഹൃദയംസ്നേഹിക്കുന്നതായിമിശിഹാതന്നെ അരുൾചെയ്തിരിക്കുന്നതിൽനിന്നു സ്നേഹവും ഹൃദയവുമായി വളരെ അടുത്ത ബന്ധമുണ്ടെന്നു തെളിയുന്നു. അതെ, ഹൃദയം സ്നേഹത്തിൻെറ അടയാളമാകുന്നു. ദുഃഖം സൂചിപ്പിക്കുവാൻ കറുപ്പുവസ്ത്രവും വേഗം സൂചിപ്പിക്കുവാൻ ചിറകുകളും, ശരണം സൂചിപ്പിക്കുവാൻ നംങ്കൂരവും അടയാളങ്ങളായി സ്വീകരിച്ചിരിക്കുന്നതുപോലെ സ്നേഹസൂചകമായി പരക്കെ അംഗീകരിച്ചിരുന്നതു ഹൃദയമാണു്. ഹൃദയം സ്നേഹത്തെ സൂചിപ്പിക്കുക മാത്രമല്ലചെയ്യുന്നതു്. മനുഷ്യവികാരങ്ങളെല്ലാം ഹൃദയത്തിലേക്കു പായുന്നതുകൊണ്ടും എല്ലാവികാരങ്ങളും സ്നേഹത്തിൽ അടിസ്ഥാനപ്പെട്ടു നില്ക്കുന്നതുകൊണ്ടും ഹൃദയം സ്നേഹത്തെ പ്രതിബിംബിപ്പിക്കുന്ന ഒരുകണ്ണാടികൂടെയുമാകുന്നു. സ്നേഹം ഉണ്ടായാൽ അതു് ഹൃദയത്തെ സ്പർശിച്ചു് അതിനെ വികസിപ്പിക്കുന്നു. ദുഃഖം ഹൃദയത്തെ ചോർക്കുകയത്രെ ചെയ്യുന്നതു്. എന്നാൽ ദുഃഖം സ്നേഹവസ്തു അപ്രാപ്യമായി തോന്നുമ്പോൾ ഉത്ഭവിക്കുകനിമിത്തം ദുഃഖത്തിലും സ്നേഹം ഭാഗഭാക്കാണു്. ഏതു വികാരത്തെ സംബന്ധിച്ചും ഇതുതന്നെ പറയാം. ഈ കാരണത്താൽ സ്നേഹത്തെ സൂചിപ്പിക്കുവാൻ ഹൃദയത്തോളം പററിയ വേറൊരുസാധനവുമില്ല.

തിരുഹൃദയഭക്തി എന്നു പറയുന്നതു് മിശിഹാ നമ്മോടു കാണിച്ചിരിക്കുന്ന സ്നേഹത്തെപ്രതി മിശിഹായോടു പ്രദർശിപ്പിക്കുന്ന ഒരു ഭക്തിയാകുന്നു. മിശിഹായുടെനേർക്കു ഭക്തിപ്രദർശിപ്പിക്കുവാൻ പല ന്യായങ്ങളുള്ളതിൽ ഏററം പ്രധാനപ്പെട്ടതു അവിടുന്നു നമ്മോടു കാണിച്ചിരിക്കുന്ന സ്നേഹമാണു് മിശിഹാ നമുക്കുവേണ്ടി പ്രവർത്തിച്ചിരിക്കുന്നതും പ്രവർത്തിക്കുന്നതും എല്ലാം സ്നേഹത്തിൽനിന്നാണു്. സ്നേഹംനിമിത്തം അവിടുന്നു മനുഷ്യനായി പീഡസഹിച്ചുമരിച്ചു. സ്നേഹമാണു് വി. കുർബാനയെ സ്ഥാപിക്കുവാൻ മിശിഹായെ പ്രേരിപ്പിച്ചതു്. അകയാൽ സ്നേഹത്തെപ്രതി പ്രത്യേകവിധം മിശിഹായെ സ്നേഹിക്കുവാൻ നമുക്കു കടമയുണ്ടായിരുന്നു. മിശിഹായുടെ സ്നേഹം അവിടുത്തെ തിരുഹൃദയത്തിൽ പാഞ്ഞു ആ സ്നേഹത്താൽ അതു തുടിച്ചു വികസിച്ചതുകൊണ്ടു് ആ സ്നേഹം നമ്മെ അനുസ്മരിക്കുവാൻ മിശിഹായുടെ അദൃശ്യമായ ഹൃദയം ഏററം പററിയ ഉപകരണമായിരിക്കുന്നു. തിരുഹൃദയഭക്തിയിൽ മിശിഹായിൽ നിന്നു വേർപെടുത്തിയെടുത്ത ഹൃദയത്തെ അല്ല നാം ആരാധിക്കുന്നതു്. പ്രത്യുത ദൃശ്യമായതും ശരീരത്തോടു യോജിച്ചിരിക്കുന്നതുമായ ആഹൃദയം ആരുടെയൊ ആ ആളെ, ഹൃദയം ഏതുസൂചിപ്പിക്കുവൊ ആ സ്നേഹത്തെ

പ്രതി, അതെ, മിശിഹായുടെ ഹൃദയത്തില്‍ പ്രതിബിംബിച്ചിരുന്ന ആ അനന്തസ്നേഹത്തെപ്രതി മിശിഹായെതന്നെയാണ് നാം ആരാധിക്കുന്നതു്.

ഈ ഭക്തിസ്നേഹത്തില്‍ അടിസ്ഥാനപ്പെട്ടു നില്‍ക്കുന്നതിനാല്‍ തിരുഹൃദയഭക്തന്മാരുടെ ഭക്തപ്രവൃത്തികള്‍ സ്നേഹപ്രവൃത്തികളായിരിക്കണം. പ്രതിസ്നേഹമാണ് ഏററം പ്രധാനപ്പെട്ടതായി തിരുഹൃദയ ഭക്തന്മാരില്‍ പ്രശോഭിക്കേണ്ട ഒരു സുകൃതം. സ്നേഹത്തേപ്രതി മ്ശിഹാ സഹിക്കുന്നതും സഹിച്ചതുമായ അവമാനങ്ങള്‍ക്കു പരിഹാരം ചെയ്യുക, അനന്തമായ അവിടുത്തെ സ്നേഹത്തെപ്പററി ധ്യാനിക്കുക, അതിനെ ഓര്‍ത്തു് അവിടുത്തെ പ്രത്യേകവിധം സ്നേഹിക്കുക, സ്നേഹപ്രവൃത്തികള്‍ ചെയ്യുക മുതലായ സുകൃതങ്ങളാണ് തിരുഹൃദയഭക്തികൊണ്ടു സാധിക്കേണ്ടവ.



ന. കര്‍ത്താവു് നമ്മോടു കാണിച്ചിരിക്കുന്ന സ്നേഹത്തിന്‍റെ സ്വഭാവം എല്ലാവരും അവശ്യം അറിഞ്ഞു പ്രവര്‍ത്തിക്കേണ്ട ഒന്നത്രെ. ആ സ്നേഹം ഏതുതരമുള്ളതെന്നു ഗ്രഹിച്ചിട്ടില്ലാത്തവരെ പഠിപ്പിക്കേണ്ട കടമയും നമ്മില്‍ സ്ഥിതി ചെയ്യുന്നു. അകയാല്‍ തിരുഹൃദയഭക്തിയില്‍ നാമോരോരുത്തരും വളൎന്നു വരുന്നതോടെ അന്യരെയും അതഭ്യസിപ്പിക്കുവാന്‍ നാം ശ്രമിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളവര്‍ ധാരാളമുണ്ടാകുവാനും അവരുടെ പ്രേഷിതവേല ഫലവത്താകുവാനും തിരുഹൃദയഭക്തന്മാര്‍ ഈ മാസത്തില്‍ പ്രത്യേകം പ്രാര്‍ത്ഥിപ്പാറാകണം. ഒരുവിധത്തില്‍ പറഞ്ഞാല്‍ തിരുഹൃദയഭക്തന്മാരെല്ലാം തിരുഹൃദയഭക്തി പ്രചരിപ്പിക്കുന്നവരും ആകണം. എന്നാല്‍ അവരില്‍തന്നെ പ്രത്യേകവിധം ഈ പ്രചാരണവേലയ്ക്കു് ഉദ്യമിക്കുന്നവര്‍ വര്‍ദ്ധിക്കുവാനാണ് തിരുഹൃദയഭക്തന്മാര്‍ പ്രാര്‍ത്ഥിക്കേണ്ടതു്.

കര്‍ക്കടകം.— സദ്വാര്‍ത്താവിതരണം.

# ക. നാഥയുടെ കുഞ്ഞുമക്കള്‍ക്ക്.

## മിഥുനമാസവണക്കം.

പ്രിയ കുഞ്ഞുങ്ങളേ,

നിങ്ങളുടെ സകല പ്രവൃത്തികളുടെയും ഉദ്ദേശ്യം Ad Jesum per Mariam മറിയംവഴി ഈശോയിലേക്ക് എന്നായിരിക്കണം. ദേവമാതാവിനെ പ്രത്യേകവിധം സ്തുതിച്ചു ബഹുമാനിക്കേണ്ട ഒരു മാസമാണ് മേയ്മാസമെന്നും തന്നിമിത്തം അതിനെ ഏവരും യഥായോഗ്യം കൊണ്ടാടണമെന്നുമാണല്ലൊ കഴിഞ്ഞ തവണ പറഞ്ഞിരുന്നതു്. അതനുസരിച്ച് കുഞ്ഞുങ്ങള്‍ ഓരോരുത്തരും പ്രവര്‍ത്തിച്ചിട്ടുണ്ടെന്നുതന്നെ വിശ്വസിക്കുന്നു. ഇനിയിതാ ഈമാസം ഈശോയുടെ തിരുഹൃദയഭക്തിക്കായിട്ടു പ്രതിഷ്ഠിതമായിരിക്കുന്ന ഒന്നാണ്. നമ്മുടെ ഏകമദ്ധ്യസ്ഥനും രക്ഷകനും മ്ശിഹായത്രേ. അവിടുത്തെ കൃപാനുഗ്രഹം കൂടുതലായും സുലഭമായും പ്രാപിക്കുന്നതിനുവേണ്ടിയാണ് അങ്ങേ മാതാവായ പരിശുദ്ധ കന്യകമറിയത്തിന്‍റെയും അങ്ങേ വിശ്വസ്തസ്നേഹിതന്മാരായ പരിശുദ്ധന്മാരുടെയും സഹായം നാം തേടുന്നതു്. അക

യാൽ ഈ പരിശുദ്ധ അമ്മ വഴിയായി കുഞ്ഞുമക്കൾ മ്ശീഹായുടെ പക്കലേക്കു പോകാൻ ശ്രമിക്കയും, തിരുഹൃദയവണക്കമാസവും മററു സുകൃതകൃത്യങ്ങളും ഭക്തിപൂർവ്വം നിർവ്വഹിച്ചുകൊണ്ടു നമ്മെ അളവററവിധം സ്നേഹിച്ച ഈശോയുടെ തിരുഹൃദയത്തെ സ്തുതിച്ചു ബഹുമാനിക്കുന്നതിനു ഈമാസം മുഴുവനും പ്രത്യേകം ഉത്സാഹിക്കയും ചെയ്യണമെന്നു ഓർപ്പിച്ചുകൊള്ളുന്നു.



കെ. സി. സി. ഏ. ബാലസംഘം, തകഴി.

## ഈമാസത്തെ മദ്ധ്യസ്ഥൻ— മാർ അപ്രേം.

(തിരുനാൾ ജൂലായ് ൯.)

റൂഹാദ്ക്കുദശായുടെ കിന്നരമെന്നു സുറിയാനിസഭയുടെ ആരാധനക്രമങ്ങൾ സംജ്ഞചെയ്യിരിക്കുന്ന ഒരു മഹാ വിശുദ്ധനാണ് മാർ അപ്രേം. സുറിയാനിസഭയുടെ മല്പാനായിമാത്രം കരുതപ്പെട്ടിരുന്ന ഇദ്ദേഹത്തെ തിരുസഭയുടെ പൊതുമല്പാനായി 15-ാം ബെനദിക്തോസു മാർപ്പാപ്പാ പ്രഖ്യാപനം ചെയ്യുകയുണ്ടായി. ഈ വിശുദ്ധനിൽ പ്രത്യേകവിധം പ്രശോഭിച്ചിരുന്ന സുകൃതങ്ങൾ എളിമയും മ⁻ തീഷ്ണതയുമായിരുന്നു. ഒരു പട്ടക്കാരൻെറ സ്ഥാനത്തുയർത്തപ്പെടുവാൻ താൻ അയോഗ്യനാണെന്നു എളിമ നിമിത്തം മാർ അപ്രേം വിചാരിച്ചിരുന്നു. ഈ കാരണത്താൽ ഒരു ആറാം പട്ടക്കാരനായിമാത്രം തൻെറ ജീവിതം കഴിക്കുകയാണ് നമ്മുടെ വിശുദ്ധൻ ചെയ്തതു്. താസ്യൻ ബർദൈസൻ മുതലായ പാഷണ്ഡരുടെ അബദ്ധോപദേശങ്ങളെ തടയുവാൻ സുറിയാനിഗീതങ്ങൾ വഴിയായി മാർ അപ്രേം ജനങ്ങളെ സത്യോപദേശങ്ങൾ പഠിപ്പിച്ചിരുന്നു. പ്രസംഗങ്ങൾ പറയുകയിൽ വിധിദിവസത്തെപ്പററിയുള്ള ഓർമ്മയാൽ മാർ അപ്രേം കരഞ്ഞിരുന്നു.

മാർ അപ്രേമിൻെറ എളിമ കണ്ടു പഠിക്കുവാനാണ് കുഞ്ഞുമക്കൾ പ്രത്യേകമായി ശ്രമിക്കേണ്ടതു്. ഒരു പ്രസിദ്ധ പ്രസംഗകൻ, സമർത്ഥനായ ഒരു ഗ്രന്ഥകർത്താവു്, വേദപുസ്തക വ്യാഖ്യാതാവു്, പാഷണ്ഡരെ അടിച്ചോടിക്കുന്ന ചമ്മട്ടി എന്നിങ്ങനെ പലവിധത്തിൽ വി.

അപ്രേം പ്രഖ്യാതനായിരുന്നിട്ടും വിധിയേപ്പററിയുള്ള ചിന്ത അദ്ദേഹത്തെ എളിമയിൽ ഉറപ്പിക്കുകയും തൽഫലമായി കുർബാനപ്പട്ടസ്ഥാനത്തു ഉയർത്തപ്പെട്ടവാൻ അദ്ദേഹം വിസമ്മതിക്കുകയുംചെയ്തു.

എളിമയുടെ ഉത്തമ മാതൃകയായ മാർ അപ്രേമെ, തിരുസഭയുടെ മല്പാനെ, എളിമയിലും വിശ്വാസത്തിലും സ്ഥിരമായി ഉറച്ചിരിക്കുന്നതിനു ഞങ്ങളെ നീ സഹായിക്കേണമെ.

---

# വർത്തമാനസംഗ്രഹം.

കഴിഞ്ഞ ഏപ്രിൽമാസത്തിൽ നടന്ന കൊൻസിസ്റ്റോറി സംഘത്തിൽവച്ച് ചില പുണ്യവാന്മാരെ ജൂൺമാസത്തിൽ നാമകരണം ചെയ്യുന്നതിനുള്ള തീരുമാനം ചെയ്തിരിക്കുന്നു. സുപ്രസിദ്ധനായ ഭാ. ബല്ലർമിൻ കർദ്ദിനാളിനെ ജൂൺ ൨൯-ാംനു- വിശുദ്ധന്മാരുടെ ഗണത്തിൽ ചേർക്കാൻ തീർച്ചയാക്കിയിരിക്കുന്നു.

\+ × +

റഷ്യയിലെ ഉയിപ്പു തിരുനാൾ നിരീശ്വരന്മാർ പ്രതീക്ഷിച്ചിരുന്നിടത്തോളം മതദ്വേഷപരമായി അലങ്കോലപ്പെടുത്തുന്നതിനു അവർക്കു സാധിച്ചില്ലെന്നു കാണുന്നു. നിരീശ്വര സംഘങ്ങൾ തങ്ങളുടെ അപജയത്തിനു കാരണം സോവിയെററു ഗവമ്മേൻറു് മാപ്പാപ്പായേയും മററു രാജാക്കന്മാരെയും തൃപ്തിപ്പെടുത്തുന്നതിനായി തങ്ങളോടു സഹകരിക്കാതിരുന്നതാണെന്നാണ് ഇപ്പോൾ പറഞ്ഞുനടത്തുന്നതു്. റഷ്യയിലെ ജനങ്ങൾക്കു് ഇപ്പോഴും മതബോധം ധാരാളം ഉള്ളതായിട്ടാണു കാണുന്നതു്.

\+ × +

മുസ്സോലീനി സ്വപുത്രിയുടെ വിവാഹാനന്തരം വധൂവരന്മാരൊരുമിച്ചു വി. പത്രോസു ശ്ലീഹായുടെ തിരുക്കല്ലറയിൽചെന്നു പ്രാത്ഥിക്കയുണ്ടായി. പ്രധാനമന്ത്രി വത്തിക്കാൻ സംസ്ഥാനത്തു് അദൃശ്യമായിട്ടു പ്രവേശിച്ചതാണത്രേ.

\+ + +

ഒരു വഷത്തിൽ ചുരുങ്ങിയ ഒരു കാലംകൊണ്ടു വിയന്നായിലെ ക്ലെയിൻസ് വൊൽക്ക്സ് ബ്ളാററു് എന്ന പ്രതിദിനപത്രത്തിനു 92,000 വരിക്കാരുണ്ടായതായിക്കാണുന്നു.

\+ + +

ഒൻറാറിയോവിൽ ഹാമിൽട്ടനിലെ മേയർ ദുഃഖവെള്ളിയാഴ്ച നമ്മുടെ ദിവ്യരക്ഷകൻ കുരിശുമരണം അനുഭവിച്ചതിൻെറ സ്മരണയ്ക്കായി എല്ലാവരും രണ്ടു മിനിററുനേരം മൌനം അനുഷ്ഠിക്കണമെന്നു വിളംബരം ചെയ്തിരുന്നതായി കാണുന്നു.

\+ + +

കാർത്തേജിലെ ദിവ്യകാരുണ്യസഖ്യ രാജ്യസഖ്യത്തിൽ മാപ്പാപ്പാ തിരുമനസ്സിലെ സ്ഥാനപതിയായിരുന്ന മഹോന്നത ദിവ്യശ്രീ കാർഡിനൽ ലെപ്പീസിയെ ട്യൂനീസിൽ എത്തിയ സമയം അദ്ദേഹത്തെ ട്യൂണീസിലെ മഹമ്മദീയ പ്രമാണിയും ഫ്രഞ്ച്യറസിഡണ്ടും രാജകീയാഡംബരങ്ങളോടെ സ്വീകരിച്ചതായി കാണുന്നു.

\+ + +

ഇംഗ്ലണ്ടിലെ പാർലിയമെൻറുതിരഞ്ഞെടുപ്പുചെലവിൻെറ കണക്ക് ഇതിനിടെ പരസ്യംചെയ്തിരിക്കുന്നു. ഏററം ചുരുങ്ങിയ സംഖ്യ വ്യയംചെയ്തതു് മി. ജോസഫ് ഡെവ്ലിൻ എ. പി. ആണെന്നു കാണുന്നു. അദ്ദേഹത്തിന് ആകെ ചെലവു് പത്തു പവൻ മാത്രമാണ്. 948, 1199 എന്നീ ഭീമസംഖ്യകൾ വ്യയംചെയ്തു തെരഞ്ഞെടുപ്പിൽ വിജയം നേടിയവരും 2,369 പവൻ ചെലവിട്ടിട്ടും വിജയം ലഭിക്കാത്ത ആളും ഇംഗ്ലണ്ടിൽത്തന്നെയുണ്ടു് എന്നുള്ളതു് സ്മരണീയമാണ്.

# മനോഗുണവിവരങ്ങൾ.

☞ ചുരുക്കമായി ഈവിധവിവരങ്ങൾപ്രസിദ്ധപ്പെടുത്തുന്നതിനു ഒരു രൂപാമുമ്പേർഅടച്ചു അപേക്ഷിക്കണം.

എൻെറ കുട്ടിയുടെ അസാദ്ധ്യമെന്നു വിധിച്ചിരുന്ന സുഖക്കേടു മാന്നാനത്തു മാർ യൌസേപ്പു പുണ്യപിതാവിൻെറ സഹായത്താൽ പൂൎണ്ണമായി സൌഖ്യപ്പെട്ടതിനു്.

എൽ. ജെ. തോമ്മാ, ചേൎത്തല.

തിരുഹൃദയത്തിൻെറയും, മാർ യൌസേപ്പു്, വി. അന്തോനീസു്, ചെറുപുഷ്പം എന്നിവരുടെയും സഹായത്താൽ സുഖക്കേടു നീങ്ങിക്കിട്ടിയതിനുപകാരസ്മരണ. വി. അവിരാ, പുഴകു.

വി. കൊച്ചുത്രേസ്യായുടെ സഹായത്താൽ ൧൦-ാംക്ലാസ്സ് പരീക്ഷ ജയിച്ചതിനു്,

ഏ. കെ. ഇട്ട്യേച്ചൻ, കാരാഞ്ചിറ.

തിരുക്കുടുംബത്തിൻെറയും വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ ഉദ്ദിഷ്ടകാൎയ്യം സാധിച്ചതിനു ഉപകാരസ്മരണ. കെ. എം. മേറി, വാഴക്കുളം.

പൊൻകുന്നം കവലയിലുള്ള കപ്പേളയിലെ അമ. മാതാവിൻെറ പ്രത്യേക സഹായത്താൽ പല; പ്രതിബന്ധങ്ങളുണ്ടായിരുന്നിട്ടും എൻെറ ജോലിയിൽ ആശിച്ച ഫലം സിദ്ധിച്ചതിനു്.

ജെ. ജെ. പുതക്കുഴി, പൊൻകുന്നം.

എൻെറ പണവുംകൊണ്ടു ഓടിപ്പോകുവാൻ നിശ്ചയിച്ചിരുന്നവനെ മടക്കി അയച്ചതിനു വി. കൊച്ചുത്രേസ്യാക്കു ഉപകാരസ്മരണ.

Mrs. K. V. Joseph, F. M. S.

എൻെറ കുട്ടിയുടെ സുഖക്കേടു് ശൌരിയാർ പുണ്യവാൻെറയും, വി. കൊച്ചുത്രേസ്യായുടെയും സഹായത്താൽ സുഖമായതിനു്.

വി. ഡി. ശൌരിയാർ വാഴപ്പള്ളി.

കാണാതെപോയ മാല കണ്ടുകിട്ടിയതിനു വി: കൊച്ചുത്രേസ്യാക്കു ഉപകാരസ്മരണ.

പി. എൽ. ഏലിക്കുട്ടി, കൈനടി.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥത്താൽ വിചാരിച്ചകാൎയ്യം സാധിച്ചുകിട്ടിയതിനു്

കെ. എം. സി. കുറവിലങ്ങാട്ടു്.

ചെങ്ങളത്തു വി: അന്തോനീസിൻെറ സഹായത്താൽ രോഗശമനം ലഭിച്ചതിനു ഉപകാരസ്മരണ.

മത്തായി കാഞ്ഞിരക്കാട്ടു, ആനിക്കാട്ടു്.

വി. കൊച്ചുത്രേസ്യായുടെ മാദ്ധ്യസ്ഥംമൂലം ഭൎത്താവിൻെറ കൈ സുഖപ്പെട്ടതിനു്.

Mrs. K. V. Joseph, F. M. S.

കാലംചെയ്ത കുര്യാളശേരിമെത്രാനച്ചൻെറ മാദ്ധ്യസ്ഥത്താൽ എന്നെബാധിച്ചിരുന്നഒരുവ്യാധി സുഖപ്പെട്ടതിനു് ഉപകാരസ്മരണ.

പി. എസ്സ് നാരായണപിള്ള.

വിശുദ്ധ ചെറുപുഷ്പത്തിൻെറയും കാലംചെയ്ത കുര്യാളശ്ശേരിമെത്രാനച്ചൻെറയും മദ്ധ്യസ്ഥതയാൽ എൻെറ അമ്മയുടെ അപകടകരമായ ദീനം സുഖപ്പെട്ടതിനു്.

പി. വി. റോസക്കുട്ടി, മുത്തലപുരം.

# ചരമവാൎത്തകൾ.

കൎത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകൾക്കുവേണ്ടി കുസുമവായനക്കാർ പ്രാൎത്ഥിപ്പാറാകണം.

കോതമംഗലം പള്ളിയിടവക ചെറായി പൈലി മത്തായി ഏപ്രിൽ 19-ാംനു- വയസ്സ് 79.

പാലാപ്പള്ളിയിടവക മണ്ണൂർ ബ. ഇട്ടിച്ചെറിയച്ചൻെറയും ക. നി. മൃ. സ. ബ. ഗ്രസ്യാൻ ശമ്മാശ്ശൻെറയും സിസ്റ്റർ റജീനായുടെയും സഹോദരൻ ജോസഫ് മേയ് 3-ാംനു- വയസ്സ് 28.

Printed and Published for the Proprietor by P. K. Joseph at
the St. Joseph's Press, Mannanam, 1930.